# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 3/1177/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/09/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 3/1177/2023 തീയ്യതി: 20/09/2023

## കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-10-2022 മുതൽ 18-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2023 | 26-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-07-2023 | 26-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസി.ഓഡിറ്റ് ഓഡിറ്റർ
ശ്രീ.അനൂപ്.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സരിത. എ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. റോസമ്മ ജേക്കബ് | സെക്രട്ടറി | 01-04-2022 | 31-01-2023 |
| ശ്രീ. സുഭാഷ്.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2023 | 12-02-2023 |
| ശ്രീ. ഫൈസൽ.എം | സെക്രട്ടറി | 13-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ഉഷാദേവി.കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീ. അബ്ദുൾ കരീം | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. വത്സല | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. ജെസ്സി | വെറ്ററിനറി സർജൻ | 01-04-2022 | 28-01-2023 |
| ഡോ. ജെറീഷ് | വെറ്ററിനറി സർജൻ | 29-01-2023 | 31-03-2023 |
| ശ്രീമതി. ഷീജ.സി | അസി. എഞ്ചിനിയർ | 01-04-2022 | 27-09-2022 |
| ശ്രീമതി. ദീപ്തി.ഇ.കെ | അസി.എഞ്ചിനിയർ | 28-09-2022 | 31-03-2023 |
| ശ്രീമതി. വിജ്ജല | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഇന്ദിര.കെ | അസി.സെക്രട്ടറി | 01-04-2022 | 08-11-2022 |
| ശ്രീ.സുഭാഷ്.കെ | അസി.സെക്രട്ടറി | 09-11-2022 | 31-03-2023 |
| ശ്രീ.രൂപക്.ടി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു ജോസഫ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 15-06-2022 |
| ശ്രീമതി. ദിവ്യ.എ.വി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 16-06-2022 | 31-03-2023 |
| ഡോ. ജിഷ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 21-04-2022 |
| ഡോ.ജിബിൽ.പി | മെഡിക്കൽ | 22-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ(ഹോമിയോ) | | |
| ശ്രീമതി. റുമൈസ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 22-07-2022 |
| ശ്രീമതി.അനുപ്രിയ.ടി.ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 23-07-2022 | 31-03-2023 |
| ശ്രീമതി. ശർമ്മിള. കെ | വി.ഇ.ഒ | 01-04-2022 | 31-05-2022 |
| ശ്രീമതി. സൗമിനി | വി.ഇ.ഒ | 01-06-2022 | 24-12-2022 |
| ശ്രീ.അബ്ദുൾലത്തീഫ്.കെ | വി.ഇ.ഒ | 25-12-2022 | 31-03-2023 |
| ശ്രീ. ആഷിക്.കെ.ടി | വി.ഇ.ഒ | 01-04-2022 | 10-07-2022 |
| ശ്രീമതി. ഷേളിത.വി.ടി | വി.ഇ.ഒ | 11-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ | 1-1-4 |
| 6 | Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിച്ചിട്ടില്ല | 1-1-5 |
| 7 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകളിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | വസ്തുനികുതി (കളക്ഷൻ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | അനധികൃത നിർമ്മാണം - തുടർനടപടികൾ അറിയിക്കുന്നത് - സംബന്ധിച്ച് | 1-10 |
| 19 | സംരംഭക ലൈസൻസ് - അപാകതകൾ | 1-11 |
| 20 | തൊഴിൽ നികുതി - അപാകതകൾ | 1-12 |
| 21 | നികുതിപിരിവ് - അവലോകനം | 1-13 |
| 22 | ബൈലോയ്ക്ക് അംഗീകാരം വാങ്ങിയിട്ടില്ല | 1-14 |
| 23 | ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചതിൽ അപാകത | 1-15 |
| 24 | ഒരേ റോഡിന്റെ പ്രവൃത്തിയ്ക്ക് വ്യത്യസ്ത പദ്ധതികൾ | 1-16 |
| 25 | പി.എച്ച്.സി. നവീകരണം - പദ്ധതി രൂപീകരണ/നിർവ്വഹണത്തിലെ അപാകതകൾ | 1-17 |
| 26 | കുടിവെള്ള പദ്ധതികളുടെ നവീകരണം - മോട്ടോർ സ്ഥാപനവുമായി | 1-18 |

| | | |
|---|---|---|
| | ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ല | |
| 27 | വനിത ഹെൽത്ത് ക്ലബ്ബ് - പ്രവർത്തനം ആരംഭിച്ചില്ല. | 1-19 |
| 28 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-20 |
| 29 | ടേക്ക് എ ബ്രേക്ക് - വകയിരുത്തിയതിൽ കൂടുതൽ ചെലവ് - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണം | 1-21 |
| 30 | "ടേക്ക് എ ബ്രേക്ക്" - പ്രവർത്തന സജ്ജമായില്ല | 1-22 |
| 31 | തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല | 1-23 |
| 32 | മാലിന്യനിർമ്മാർജ്ജനത്തിലെ നിലവിലെ അവസ്ഥയും സ്വീകരിക്കേണ്ട തുടർനടപടികളും | 1-24 |
| 33 | മരുന്നുകൾ ലഭ്യമായിട്ടില്ല | 1-25 |
| 34 | എൻ.ആർ.ഇ.ജി.എസ്.- പ്രവൃത്തി ബില്ലുകളിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയില്ല | 1-26 |
| 35 | സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം അടവാക്കുന്നു | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 04.07.2023 ലെ 179/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 04.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### B. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ **2022-23** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ

തുകയും (+5292366) ഇതേ പത്രികയിലെ "Net Cash Generated By Operating+Investing+Financial Activity"(A+B+C) ആയി രേഖപ്പെടുത്തിയ തുകയും തമ്മിൽ (-17611766) പൊരുത്തപ്പെടുന്നില്ല.
വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ മേൽ പറഞ്ഞിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി ഇനത്തിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. Property Tax On Residential Buildings (110100101), Property Tax On Non-Residential Buildings (110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചു. വസ്തു നികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റിൽ വ്യത്യാസം വരുത്തുന്നില്ല .

1-1-4 ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ

കുന്ദമംഗലം സർവീസ് കോപ്പറേറ്റീവ് ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ (10001001003829) 01.04.2022 മുതൽ 31.03.2023 വരെയുള്ള ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ ബാങ്ക് ബുക്കിൽ രേഖപ്പെടുത്താത്ത താഴെപറയുന്ന പിൻവലിക്കലുകൾ കണ്ടെത്തിയിട്ടുണ്ട്.

| Date | Instrument No | Amount |
|---|---|---|
| 25.05.2022 | 64356 | 7355 |
| 13.01.2023 | 65192 | 9430 |
| 10.02.2023 | 113770 | 3000 |
| 16.02.2023 | 93376 | 800 |

മേൽ പിൻവലിക്കലുകളുടെ ഉദ്ദേശ്യം ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നില്ല.

1-1-5 Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിച്ചിട്ടില്ല

2023 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രികയിലെ Directly Debited By Bank ആയി ചേർത്ത തുക ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| Bank Account | Type | Voucher Date | Instrument Date | Amount |
|---|---|---|---|---|
| KSCB Own Fund (10001001003829) | Directly Debited By Bank | 20.12.2013 | 20.12.2013 | 10,500 |

1-1-6 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകളിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല

A) 2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-4 പ്രകാരം Permit Fee For Construction Of Buildings ഇനത്തിൽ 5,18,180 രൂപയും Fee For Building Regularisation ഇനത്തിൽ 1,69,437 രൂപയും കളക്ഷനുണ്ട്. എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ 2022-23 വർഷത്തെ

സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

B) Profession Tax (Institutions), Profession Tax (Traders) എന്നീ ഇനങ്ങളിലെ 2022-23 വർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംഗ്രഹം തൊഴിൽ നികുതി രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-7 വസ്തുനികുതി (കളക്ഷൻ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി റസിഡൻഷ്യൽ, നോൺ-റസിഡൻഷ്യൽ ഇനങ്ങളിലെ 2022-23 വർഷത്തെ കളക്ഷൻ വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റിലെയും താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക RP-45 പ്രകാരം | സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| വസ്തു നികുതി (റസിഡൻഷ്യൽ) | 27,72,507 | 27,75,486 |
| വസ്തു നികുതി (നോൺ-റസിഡൻഷ്യൽ) | 21,90,371 | 21,91,627 |

1-2 ബജറ്റ്

കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിലെ 10/22 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2022-23 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 1,04,28,204 |
| വരവ് | 21,32,84,350 |
| ആകെ | 22,37,12,554 |
| ചെലവ് | 21,95,43,630 |
| നീക്കിയിരിപ്പ് | 41,68,924 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,67,66,569 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,70,39,106 |
| ആകെ | 6,38,05,675 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,17,46,740 |

| | |
|---|---|
| നീക്കിയിരിപ്പ് | 2,20,58,935 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,96,45,871 | 1,96,45,871 | 1,88,72,669 | 7,73,202 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 66,18,180 | 66,18,180 | 64,37,519 | 1,80,661 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 56,50,000 | 56,50,000 | 54,15,243 | 2,34,757 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 56,60,000 | 56,60,000 | 56,60,000 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്(ട്രഷറി മുഖേന) | 0 | 47,714 | 47,714 | 47,714 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്( PFMSമുഖേന) | 71,581 | 38,92,398 പലിശ ഉൾപ്പെടെ | 39,63,979 | 33,60,921 | 6,03,058 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 2,79,576 | 2,79,576 | 2,79,576 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 17,13,298 | 54,76,000 | 71,89,298 | 40,49,979 | 31,39,319 |
| ഐ.സി.ഡി.എസ് | 7,41,573 | 19,96,567 | 27,38,140 | 14,85,684 | 12,52,456 |
| എം.പി.ഫണ്ട് | 87,215 | 2,384 | 89,599 | - | 89,599 |
| ശുചിത്വഗ്രാമം | 1,02,268 | 4,091 | 1,06,359 | - | 1,06,359 |

449/31.03.2023 നമ്പർ ബിൽ പ്രകാരം മെഡിക്കൽ ഓഫീസർ പി.എച്ച്.സി ചെലവഴിച്ച 43,881/-രൂപ ക്യൂ ബിൽ ആയിരുന്നു. എന്നാൽ ഈ തുക എ.സി.ആറിൽ ചെലവായി കാണിച്ചിട്ടുണ്ട്.

1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 11,46,14,611 | 2,36,40,338 |
| വികസനഫണ്ട് (എസ്.സി.പി) | 4,03,05,720 | 81,04,410 |
| മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) | 2,83,42,754 | 68,55,527 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 94959332 | 151 | 65106516 | -- | 17 | 89.88% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 11 | 11 | 2949560 | 2889842 | 97.97% |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 10 | 9 | 4969990 | 3171810 | 63.81% |
| മെഡിക്കൽ ഓഫീസർ) (പി.എച്ച്.സി) | 13 | 12 | 4541461 | 3924431 | 86.41% |
| മെഡിക്കൽ ഓഫീസർ) (ഹോമിയോ) | 2 | 2 | 710300 | 710300 | 100% |
| ഹെഡ്മാസ്റ്റർ | 3 | 3 | 13,17,200 | 1304840 | 99.06% |
| മെഡിക്കൽ ഓഫീസർ) (ആയുർവ്വേദം) | 2 | 2 | 1025000 | 1021806 | 99.68% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 66 | 46 | 21357785 | 18986336 | 88.89% |
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 9 | 9 | 38035439 | 16436640 | 43.21% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 7377180 | 7034199 | 95.35% |
| സെക്രട്ടറി | 32 | 21 | 9403417 | 7087462 | 75.37% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 900000 | 900000 | 100% |
| അസി.സെക്രട്ടറി | 8 | 6 | 2252000 | 1590850 | 70.64% |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 120000 | 48000 | 40% |
| | 168 | 151 | 94959332 | 65106516 | 68.56% |

ഡി.പി.സി. അഗീകാരം ലഭിച്ച 168 പ്രൊജക്ടുകളിൽ 151 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 9,49,59,332/- രൂപ വകയിരുത്തിയതിൽ 6,51,06,516/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,761 | 14,95,642 | 14,97,403 | 14,90,174 | 7,229 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 3,15,95,840 | 3,15,95,840 | 3,15,95,840 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 35,62,600 | 2490 |
| വിധവാപെൻഷൻ | 1,47,83,600 | 5685 |
| വാർദ്ധക്യകാലപെൻഷൻ | 2,58,28,200 | 18269 |
| വികലാംഗപെൻഷൻ | 42,02,600 | 2686 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 20,08,800 | 1378 |
| വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.07.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 71096/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ നിജസ്ഥിതി പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് വിജയിച്ചിട്ടുണ്ട്.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ച് കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിൽ പലപ്പോഴും മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. അക്കൌണ്ടുകളുടെ എല്ലാ മാസങ്ങളിലെയും റീകൺസിലിയേഷൻ പത്രികകളിൽ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നില്ല.

പരാതി രജിസ്റ്ററിലും അപേക്ഷ/പരാതി ലഭിച്ച ശേഷമുള്ള തുടർനടപടി വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നുണ്ട്. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ച് നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസ വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ് ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ച് പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. പൗരാവകാശ രേഖ പുതുക്കിയിട്ടുണ്ട്.

1-10 അനധികൃത നിർമ്മാണം - തുടർനടപടികൾ അറിയിക്കുന്നത് - സംബന്ധിച്ച്

പരാതി ഫയൽ നമ്പർ - 2333/2022

തണ്ണീർ തടത്തിലെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് ശ്രീ. ശശിധരൻ, വെളുത്തേടത്ത്, മച്ചക്കുളം എന്നയാൾക്കെതിരെ 19.8.22 ന് ശ്രീ. എം. കെ. ചന്ദ്രൻ, മുരളീകൃഷ്ണ, മച്ചക്കുളം എന്നവർ പരാതി സമർപ്പിച്ചതായി കാണുന്നു. മേൽ പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ റീ. സ. 12/2 പുല്ലാളൂർ ദേശം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെന്ന് 19.12.22 ബിൽഡിങ്ങ് പെർമിറ്റ് സെക്ഷൻ ക്ലർക്ക് ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് , 2008 പ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ യാതൊരു നിർമ്മാണവും അനുവദിക്കാൻ പാടില്ല എന്ന് ഓവർസിയർ 11.1.23 ന് കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട്, 2008 സെക്ഷൻ 14 പ്രകാരം ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ യാതൊരു നിർമ്മാണവും അനുവദിക്കാൻ പാടില്ല എന്ന നിയമം നിലനിൽക്കെ പഞ്ചായത്തിൽ നിന്നും യാതൊരു അനുമതിയും വാങ്ങാതെ നിർമ്മാണം നടത്തിയതിന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ 3 ദിവസത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം താങ്കൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് 19.5.23 ന് നോട്ടീസ് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല.

കേരള പഞ്ചായത്ത് രാജ് സെക്ഷൻ 235 എ എ(1) നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കൽ നിയമ പ്രകാരം ഇത്തരത്തിൽ നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതിവരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. സെക്ഷൻ 235 എ എ(3) പ്രകാരം ഇത്തരം കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകേണ്ടതാണ്, (4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച

കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വെ നമ്പർ, വസ്തു ഉടമയുടെ പേരു വിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യേക നമ്പർ, കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്ററുകൾ വാർഡുകൾ തിരിച്ച് സൂക്ഷിക്കേണ്ടതാണ്. നിലവിൽ പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മേൽ കെട്ടിടം പൊളിച്ചു മാറ്റിയത് സംബന്ധിച്ച് വിവരം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം ചട്ടപ്രകാരം അനധികൃത നിർമ്മാണങ്ങൾക്കുള്ള നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-11 സംരംഭക ലൈസൻസ് - അപാകതകൾ

സംരംഭക ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1. ലൈസൻസ് ഡിമാന്റ് പൂർണ്ണമല്ല

2022-23 ൽ 706 പേരാണ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ലൈസൻസിനായി ഫീസ് അടവാക്കിയിട്ടുള്ളത്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 623 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ട്രേഡ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്. സഞ്ചയ പ്രകാരം വാണിജ്യ ആവശ്യത്തിന് നികുതി നിർണ്ണയിച്ച 2657 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉള്ളത്. ആയതിനാൽ തന്നെ ബാക്കിയുള്ള കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് സാദ്ധ്യതയുണ്ട്.

പരാതി ഫയൽ നം. 1397/2023 പ്രകാരം പറമ്പിൽ ബസാറിലെ വാർഡ് 17 കെട്ടിട നമ്പർ 337 ൽ എൻ.ടി.ടിമ്പേഴ്സ് എന്ന പേരിൽ നിഷാജ് എന്നയാൾ മരക്കച്ചവടം നടത്തി വരുന്നുണ്ട് എന്നും മരങ്ങൾ ഫുട്പാത്തിൽ കൂട്ടി ഇടുന്നതു മൂലം ബുദ്ധിമുട്ടുള്ളതായി കാണിച്ച് ശ്രീ. മഹേഷ് എന്നവർ 30.1.23 ന് പരാതി നൽകിയതായി കാണുന്നു. ശ്രീ. ബെൽജിത്ത്. പി പെരുന്തലേരി എന്നവരുടെ ഉടമസ്ഥതയിലുള്ള 17/337 നമ്പർ കെട്ടിടത്തിൽ ശ്രീ. നിഷാജ്, തച്ചറയ്ക്കൽ, പുതിയറ (പി. ഒ) എന്നവർ ലൈസൻസ് ഇല്ലാതെ മരക്കച്ചവടം നടത്തി വരുന്നതായി പരാതിയിൽ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിനാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ച് 6.6.23 ന് മാത്രമാണ് നോട്ടീസ് നൽകിയത്. നോട്ടീസ് കൈപ്പറ്റി 3 ദിവസത്തിനകം അനുബന്ധ രേഖകൾ സഹിതം ലൈസൻസിന് അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ലൈസൻസ് നൽകിയത് സംബന്ധിച്ച് വിവരം ലഭ്യമല്ല എന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടി പ്രകാരം നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. നിഷാജ് 14.6.23 ന് അപേക്ഷ നൽകുകയും 21.6.23 ന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്. നിലവിൽ ലൈസൻസ് ഡിമാൻറ് പൂർണ്ണമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

### 2. ലൈസൻസ് അനുവദിക്കുന്നതിൽ കാലതാമസം

2017 ലെ കേരള പഞ്ചായത്ത് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ – ചട്ടം 5 (എ) പ്രകാരം ചട്ട പ്രകാരമുള്ള അപേക്ഷ അനുബന്ധ രേഖകൾ സഹിതം ലഭിക്കുന്നതിന്മേൽ സെക്രട്ടറിയോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷയും, അനുബന്ധ രേഖകളും പരിശോധിക്കേണ്ടതും, സമർപ്പിക്കാൻ വിട്ടുപോയ രേഖകൾ ഏതെങ്കിലും ഉണ്ടെങ്കിൽ ഉടനെ (മൂന്ന് ദിവസത്തിനകം) പുന:സമർപ്പിക്കാൻ അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ചട്ടം 6 പ്രകാരം രേഖകൾ എല്ലാം ലഭ്യമാകുന്ന പക്ഷം 7 ദിവസത്തിനകം നിബന്ധനങ്ങൾക്കു വിധേയമായി വ്യവസായങ്ങളോ ഫാക്ടറികളോ സംരംഭക പ്രവർത്തനങ്ങളോ മറ്റ് സേവനങ്ങളോ നടത്തുന്നതിനായി സ്ഥലം ഉപയോഗിക്കാൻ ലൈസൻസ് നൽകേണ്ടതാണ്.

തൻവർഷം ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ പുതിയ സംരംഭങ്ങളുടെ ലൈസൻസ് അനുവദിക്കുന്നതിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി കാലതാമസം ഉണ്ടായതായി കാണുന്നു. ആയതിനുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. (ലൈസൻസ് രജിസ്റ്റർ പ്രകാരം | ഉടമസ്ഥന്റെ പേര്, സ്ഥാപനം | അപേക്ഷ നൽകിയ തിയ്യതി | ലൈസൻസ് അനുവദിച്ച തിയ്യതി |
|---|---|---|---|
| 1 (493) | ബിനോഷ്, പി. പി. സ്റ്റോർ | 26.5.22 | 21.7.22 |
| 2 (598) | അനുഷ്. പി, റംല മുസ്തഫാസ് സ്വീറ്റ്സ് | 28.9.22 | 15.11.22 |
| 3 (608) | മണി. പി. കെ, റെഡിമെയ്ഡ് ഷോപ്പ് | 23.8.22 | 29.11.22 |
| 4 (622) | അനിൽ കുമാർ. കെ.എം, കെ. എം.സ്റ്റോർ | 10.8.22 | 8.12.22 |

പുതിയ സംരംഭങ്ങളുടെ ലൈസൻസ് അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടതിന്റെ കാരണം അപേക്ഷയിലോ ഫയലിലോ രേഖപ്പെടുത്തിയതായി കാണുന്നില്ല. കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലൈസൻസിനുള്ള അപേക്ഷ നൽകിയ ശേഷം ഫീസ് ഡിമാന്റ് ചെയ്ത് സെക്രട്ടറി അപ്രൂവ് ചെയ്താൽ അപേക്ഷകർക്ക് ഫീസ് അടവാക്കാനുള്ള നിർദ്ദേശം നൽകുമെങ്കിലും ഫീസ് അടവാക്കാത്തതാണ് ലൈസൻസ് നൽകുന്നതിൽ കാലതാമസം നേരിടാനുള്ള പ്രധാന കാരണം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ മേൽ ക്രമ നം. 2 ന് 28.10.22. ന് അപേക്ഷകൻ ലൈസൻസ് ഫീ അടവാക്കിയെങ്കിലും 15.11.22 നാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ക്രമ നം. 1 ന് 5.7.22. ന് ലൈസൻസ് ഫീ അടവാക്കിയെങ്കിലും 21.7.22 നാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

1-12 തൊഴിൽ നികുതി - അപാകതകൾ

കുരുവട്ടൂർ പഞ്ചായത്തിലെ തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് നികുതി അടച്ചു

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച 2022-23 ലെ തൊഴിൽ നികുതി റിട്ടേണിൽ ഉൾപ്പെട്ട ശ്രീ. അതുൽ ചന്ദ്രൻ. വി. പി, (ക്ലർക്ക്) എന്നവരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കുന്നതിൽ താഴെ പറയുംവിധം കുറവ് വന്നിരുന്നു.

| കാലയളവ് | ആകെ | ഈടാക്കിയ | ഈടാക്കേണ്ട | ഈടാക്കിയതിൽ |
|---|---|---|---|---|

| | വരുമാനം | തുക | തുക | കുറവ് |
|---|---|---|---|---|
| ഒന്നാം അർദ്ധവർഷം | 1,04,190/- രൂപ | 600 | 1000 | 400 |
| രണ്ടാം അർദ്ധവർഷം | 1,04,190/- രൂപ | 600 | 1000 | 400 |
| ആകെ | | | | 800/- |

ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിന്റെ (എൻക്വയറി നം. 18) അടിസ്ഥാനത്തിൽ പ്രസ്തുത തുക രശീതി നം. 1230101766/G111102 തി. 26.07.2023 പ്രകാരം പിരിച്ചെടുത്തിട്ടുണ്ട്.

2) കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ വരുന്ന വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ 8 കരാറുകാർ, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ 2 കരാറുകാർ എന്നിവർ ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിലിൽ ഏർപ്പെട്ട് വരുമാനം ആർജ്ജിക്കുന്നുണ്ട്. അവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഈ അപാകത മുൻവർഷ റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും നാളിതുവരെയായി നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 നികുതിപിരിവ് - അവലോകനം

ഗ്രാമപഞ്ചായത്ത് 1.4.2023 ലെ പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ ഉൾപ്പെട്ട കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയത് അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. 1.4.23 മുതൽ നിലവിലെ എല്ലാ കെട്ടിടങ്ങൾക്കും 5% നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ട്. ആയത് പ്രകാരമാണ് നിലവിൽ നികുതി പിരിക്കുന്നത്. വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി തീരുമാനം നം. 58/2011 പ്രകാരമാണ് മേഖലകളായി തിരിച്ചിട്ടുള്ളത്. ആയതിൽ കൃത്യമായി ഉൾക്കൊള്ളുന്ന പ്രദേശങ്ങളെ സംബന്ധിച്ച വിവരങ്ങൾ പ്രസ്താവിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുമ്പോൾ ടി വിവരങ്ങൾ പരിശോധിച്ചത് പ്രകാരമാണ് കെട്ടിട നികുതി ചുമത്തി വരുന്നത്. റോഡ് വികസനത്തിന്റെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ റോഡ് മാസ്റ്റർ കാലികമാക്കുകയോ സർക്കുലർ RB3/178/2020 - ത.സ്വ.ഭ.വ തി. 20.6.2022 പ്രകാരമുള്ള ഫീൽഡ് സന്ദർശനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. പുതിയ തനതു വരുമാന മേഖലകൾ കണ്ടെത്തുന്നതോ പ്രസ്തുത വരുമാനം സമാഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ നിലവിൽ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ് – പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേരുകയും തനത് വരുമാനം പൂർണ്ണമായി ഈടാക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധ ചെലുത്തുന്നുണ്ട്. ലഭിക്കാനുള്ള നികുതികൾ പൂർണ്ണ തോതിൽ പിരിച്ചെടുക്കാനുള്ള നടപടികൾ പൂർത്തിയാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതും ആയതിന്റെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14 ബൈലോയ്ക്ക് അംഗീകാരം വാങ്ങിയിട്ടില്ല

കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള കരട് ബൈലോ, അംഗീകാരത്തിനായി തദ്ദേശവകുപ്പ് ഡയറക്ടർക്ക് അയച്ചു നൽകിയിട്ടുണ്ട്. എന്നാൽ ആയതിന് അംഗീകാരം ലഭിച്ചിട്ടില്ല. ബൈലോ ഖണ്ഡിക 20 പ്രകാരം പ്രതിമാസ വാടക അതത് മാസം മുൻകൂറായി 5-ാം തിയ്യതിക്കകം പഞ്ചായത്തിൽ അടയ്ക്കേണ്ടതും, വാടക യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, പ്രസ്തുത തിയ്യതി മുതൽ പണം അടയ്ക്കുന്ന തിയ്യതി വരെയുള്ള കാലത്തേക്ക് പ്രതിമാസം 2% പിഴപലിശ ഈടാക്കേണ്ടതുമാണ്. നിലവിൽ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്ക്

നൽകിയതുമായ ഭൂരിപക്ഷം കെട്ടിടമുറികളുടെയും വാടക വർഷത്തിൽ ഒന്നോ രണ്ടോ തവണകളായാണ് പഞ്ചായത്തിൽ അടച്ച് വരുന്നത്. ബൈലോയ്ക്ക് അംഗീകാരം ലഭിക്കാത്തതിനാൽ, വാടക തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാനോ വാടക അടയ്ക്കാൻ വൈകുന്ന കാലയളവിലെ പിഴപലിശ ഈടാക്കുന്നതിനോ സാധിക്കുന്നില്ല. തുക തനത് വരുമാനം നഷ്ടപ്പെടുത്തുന്നതിനിടയാക്കുന്നു. ബൈലോയ്ക്ക് അംഗീകാരം വാങ്ങി അറിയിക്കേണ്ടതാണ്.

### 1-15 ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചതിൽ അപാകത

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 01/2020 മുതൽ 04/2022 വരെയുള്ള യാത്രാബത്ത ബില്ലുകൾ പാസാക്കിയിട്ടുണ്ട്. 28-01-2023 തീയതിയിലെ 22200836 നമ്പർ വൗച്ചർ മുഖേന 97,444 രൂപ യാത്രാബത്ത ഇനത്തിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(ബി)6 പ്രകാരം ഔദ്യോഗിക യാത്ര നടത്തിയതിന്റെ തൊട്ടടുത്ത മാസം മുതൽ ജീവനക്കാരന് യാത്രാബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. യാത്രാബത്തക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം ജീവനക്കാരൻ ആയത് ക്ലെയിം ചെയ്യേണ്ടതാണ്. ടൂർ ഡയറി/നോട്ട് മുഖേന ജീവനക്കാരൻ യാത്രാബത്ത ക്ലെയിം ചെയ്യുന്ന മുറക്കാണ് ആയത് അനുവദിക്കേണ്ടത്. ILGMS ൽ യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെ ടൂർ ഡയറി അപ് ലോഡ് ചെയ്തതായി കാണുന്നില്ല. ഇതിൽ നിന്നും ടൂർ ഡയറി സമർപ്പിച്ച് ടി. എ. ക്ലെയിം ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ യാത്രാമാർഗ്ഗം, നിരക്ക് എന്നിവ നിശ്ചയിച്ചതെങ്ങനെയന്നത് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാ വശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് (നം. 14/2022-23, തീ – 26.07.2023) മറുപടി നൽകിയിട്ടില്ല. നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ടി. എ ഇനത്തിൽ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-16 ഒരേ റോഡിന്റെ പ്രവൃത്തിയ്ക്ക് വ്യത്യസ്ത പദ്ധതികൾ

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ റോഡ് പ്രവൃത്തികൾ പരിശോധിച്ചതിൽ ഒരേ റോഡിന്റെ തുടർച്ചയായ റീച്ചുകളുടെ ടാറിംഗ് പ്രവൃത്തികൾക്ക് വ്യത്യസ്ത പ്രോജക്ടുകൾ രൂപീകരിച്ചതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് പേര്/നമ്പർ | അടങ്കൽ/ഫണ്ടിനം | സാങ്കേതികാനുമതി/തിയ്യതി | പ്രവൃത്തി വിശദാംശം |
|---|---|---|---|
| മേലേ പുതിയേടത്ത് ഉള്ളാച്ചേരി റോഡ്, 62/23 | 1,19,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 36166/2022-5-1-1/9.10.22 | റോഡിന്റെ 28.25 മീറ്റർ വരുന്ന റോഡിന്റെ ടാറിംഗ് പ്രവൃത്തി വിഭാവനം ചെയ്തു. 31.5 മീറ്ററിൽ പ്രവൃത്തി നടത്തി |
| മേലേ പുതിയേടത്ത് ഉള്ളാച്ചേരി റോഡ് ഫേസ് 2, 63/23 | 2,00,000/- തനതുഫണ്ട് | 34338/2022-5-1-1/30.11.22 | റോഡിന്റെ 28.25 മീറ്റർ മുതൽ 55m നീളത്തിൽ ടാറിംഗ് വിഭാവനം ചെയ്തു. 31.5 മീറ്റർ മുതൽ 55m നീളത്തിൽ പ്രവൃത്തി നടത്തി |

മേൽ കാണിച്ച രണ്ടു പദ്ധതികളും ഒരേ സമയം രൂപീകരിച്ചവയാണ്. രണ്ടു പ്രവൃത്തികൾക്കും ഭരണാനുമതി ലഭിച്ചിരിക്കുന്നത് ഒരേ തിയ്യതിയിലാണ് (46/22, 16.6.22). വ്യത്യസ്ത പ്രവൃത്തികളായി

രൂപീകരിച്ച് ടെണ്ടർ നടത്തിയപ്പോൾ വ്യത്യസ്ത കരാറുകാർ വ്യത്യസ്ത നിരക്കിലാണ് പ്രവൃത്തി ഏറ്റെടുത്തത്. അടങ്കൽ ഫണ്ടിനത്തിന്റെ മാറ്റം മാത്രമുണ്ടായിരിക്കെ ഇത്തരത്തിൽ റോഡ് പ്രവൃത്തി രണ്ടു പദ്ധതിയായി നിർവ്വഹണം നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. പദ്ധതിയുടെ ഡാറ്റാ എൻട്രി മുതൽ ബിൽ നൽകൽ വരെയുള്ള പ്രവർത്തനങ്ങളിൽ ഇരട്ടിപ്പ് വന്നതിനു പുറമേ, വ്യത്യസ്ത നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുന്ന അവസ്ഥയും ഇതുമൂലമുണ്ടായി. ചെറിയ അടങ്കലിലുള്ള പ്രവൃത്തികൾക്കായി സാധന സാമഗ്രികളും, മെഷീനറികളുൾപ്പെടെ സൈറ്റിൽ എത്തിക്കുന്നത് കരാറുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഘടകമായതിനാൽ, ടെണ്ടർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തം കുറയാൻ സാധ്യതയുണ്ട്. പ്രവൃത്തി സമഗ്രമായി വലിയ അടങ്കലിൽ തയ്യാറാക്കിയിരുന്നെങ്കിൽ ഇത്തരം സാധ്യതകൾ ഒഴിവാക്കാമായിരുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതികൾ സമഗ്രമായി തയ്യാറാക്കാതെ വ്യത്യസ്ത പദ്ധതികളായി നിർവ്വഹണം ചെയ്ത സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയത് ഇപ്രകാരമാണ്, "ഈ പദ്ധതികളിൽ ഒരെണ്ണം CFC ഫണ്ടുപയോഗിച്ചാണ് രൂപീകരിച്ചതെന്നും, ഇ-ഗ്രാം പോർട്ടലിൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ആദ്യമേ ഉൾപ്പെടുത്തേണ്ടതിനാൽ അവ ഉൾപ്പെടുത്തിയ ശേഷമാണ് പഞ്ചായത്ത് ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ രൂപീകരിച്ചത്. ഇ-ഗ്രാം പോർട്ടലിൽ മാറ്റങ്ങൾ വരുത്താനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണമാണ് വ്യത്യസ്ത പദ്ധതികളായി രൂപീകരിച്ചത്". മേൽ വിശദീകരണം പൂർണ്ണമായും അംഗീകരിക്കാനാവില്ലെങ്കിലും, ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കും വിധം ഫണ്ടുകളുടെ നേരിയ തോതിലുള്ള വീതം വയ്ക്കൽ(വാർഡ് തലത്തിൽ) മാറ്റി നിർത്തി ഓരോ വാർഡിലും യഥാർത്ഥത്തിലുള്ള ആവശ്യകതയ്ക്കനുസരിച്ച് പദ്ധതികൾ രൂപീകരിക്കാൻ ശ്രമിക്കേണ്ടതും, രൂപീകരിക്കുന്നവ സമഗ്രമായി തയ്യാറാക്കി, സാമ്പത്തിക മിതത്വം ഉറപ്പു വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-17 പി.എച്ച്.സി. നവീകരണം - പദ്ധതി രൂപീകരണ/നിർവ്വഹണത്തിലെ അപാകതകൾ

2022-23 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ പി.എച്ച്.സി.യുടെ അറ്റകുറ്റ പണികൾക്കായി രണ്ടു പദ്ധതികൾ നിർവ്വഹണം ചെയ്തിട്ടുണ്ട്. ഒരെണ്ണം 2021-22 വർഷാവസാനം രൂപീകരിച്ച് സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെട്ടതും, മറ്റൊന്ന് തൻവർഷം പുതുതായി രൂപീകരിച്ചതും. പദ്ധതികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | അടങ്കൽ | ചെലവ് | കരാറുകാരൻ/ഏറ്റെടുത്ത നിരക്ക് |
|---|---|---|---|---|
| 1 | പി.എച്ച്.സി. നവീകരണം, 45/23(സ്പിൽഓവർ) | 11,60,000 സംരക്ഷണഗ്രാന്റ് റോഡിതരം | 10,59,485/-<br>1. 565850/-ബിൽ നം. 45/5.8.22<br>2. 493635/-ബിൽ നം. 88/15.9.22 | റിത്തു. എം. വി.<br>21.44% കുറവ് |
| 2 | പി.എച്ച്.സി. നവീകരണം, 28/23 | 15,08,400/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 11,84,077/-(പാർട്ട് ബിൽ)<br>ബിൽ നം. 426/28.3.23 | റിത്തു. എം. വി.<br>13.27% കുറവ് |

മേൽ പദ്ധതികളുടെ രൂപീകരണവും, നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി സമഗ്രമായി തയ്യാറാക്കിയില്ല: മേൽ വിവരിച്ചതിൽ ആദ്യ പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് 2021-22 സാമ്പത്തിക വർഷാവസാനമാണ് (2022 ജനുവരി മാസം). രണ്ടാമത്തെ പദ്ധതി 2022-23 വർഷത്തെ ആദ്യ വാർഷികപദ്ധതിയിലും (ഭരണാനുമതി 4/2022ന്). പി.എച്ച്.സി.

യിലേയ്ക്ക് വേണ്ട മുഴുവൻ നവീകരണ/അറ്റകുറ്റ പണികളും മനസ്സിലാക്കി സമഗ്രമായ പദ്ധതി തയ്യാറാക്കേണ്ടതിനു പകരം ഓരോ അറ്റകുറ്റപണിക്കും പ്രത്യേകം പദ്ധതി തയ്യാറാക്കുന്നതു മൂലം പ്രവൃത്തി നിർവ്വഹണത്തിനു മുമ്പും ശേഷവും വേണ്ടി വരുന്ന മനുഷ്യ വിഭവ ശേഷിയുടെ വർധനവിനും (പ്രോജക്റ്റ് ഡാറ്റ എൻട്രി, ടെണ്ടർ, മറ്റു ഫയൽ വർക്കുകൾ), ചെലവു വർദ്ധനവിനും കാരണമായിട്ടുണ്ട്. ആദ്യ പദ്ധതി 21.44% കുറവ് നിരക്കിൽ ചെയ്തപ്പോൾ രണ്ടാമത്തെ പദ്ധതിയ്ക്ക് 13.27% ടെണ്ടർ കുറവ് മാത്രമാണ് ലഭിച്ചത്. ആദ്യ പദ്ധതി സമഗ്രമായി തയ്യാറാക്കിയിരുന്നെങ്കിൽ രണ്ടാമത്തെ പ്രവൃത്തിയ്ക്ക് വേണ്ടി വരുമായിരുന്ന തുകയിൽ 96,739/- രൂപയുടെ സാമ്പത്തിക ലാഭം പഞ്ചായത്തിന് ലഭിക്കുമായിരുന്നു.

2. <u>ഒരേയിനം പ്രവൃത്തിയ്ക്ക് വ്യത്യസ്ത ഡാറ്റ/നിരക്ക്:</u> മേൽ രണ്ടു പ്രവൃത്തികളിലും 0.35mm കനത്തിലുള്ള പ്രീകോട്ടഡ് ഗാൽവനൈസ്ഡ് അയേൺ പ്രൊഫൈൽ ഷീറ്റിടുന്ന പ്രവൃത്തിയുണ്ട്. ആദ്യ പ്രവൃത്തിയ്ക്ക് പ്രൈസിലെ ഐറ്റം 51.20 (നിരക്ക് 603.04/$m^2$) ഉൾപ്പെടുത്തിയപ്പോൾ രണ്ടാമത്തെ പ്രവൃത്തിയ്ക്ക് താരതമ്യേന കുറഞ്ഞ നിരക്കിൽ, ഷീറ്റിന്റെ മാർക്കറ്റ് വില ഉൾപ്പെടുത്തി ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കി (നിരക്ക് 551.81/$m^2$). ഇത്തരത്തിൽ ആദ്യ പ്രവൃത്തിയിൽ കൂടുതൽ നിരക്കിലുള്ള ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ് പഞ്ചായത്തിനുണ്ടായിട്ടുണ്ട്. ഷീറ്റിന്റെ മാർക്കറ്റ് വില കണക്കാക്കാതെ പ്രൈസിലെ ഇനം അതേ വിധം എസ്റ്റിമേറ്റിലുൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3. <u>പൊളിച്ചെടുത്ത സാമഗ്രികൾ സ്റ്റോക്കിലെടുത്തില്ല:</u> ആദ്യ പദ്ധതിയിൽ പഴയ ആസ്ബറ്റോസ് മേൽക്കൂരയും, ഫാൾസ് സീലിംഗും പൊളിക്കുന്ന പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നു. ഈ പ്രവൃത്തികൾ നടന്നിട്ടുണ്ടെങ്കിലും ഇവയിൽ ഉപയോഗക്ഷമമായവ സ്റ്റോക്ക് ചെയ്തതായോ, ഉപയോഗക്ഷമമല്ലാത്തവ ലേലം ചെയ്ത് ഒഴിവാക്കിയതായോ കാണുന്നില്ല. പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ ആസ്ബറ്റോസ് മേൽക്കൂരയുടെ സ്റ്റീൽ വർക്കുകൾ പുതിയ നിർമ്മിതിയ്ക്ക് ഉപയോഗപ്പെടുത്തിയതായി കണ്ടു. എന്നാൽ ആസ്ബറ്റോസ് ഷീറ്റ്, ഫാൾസ് സീലിംഗിന്റെ ഫ്രെയിം വർക്കിനുപയോഗപ്പെടുത്തിയ അലുമിനിയം/സ്റ്റീൽ എന്നിവയുടെ വിവരം ലഭ്യമായില്ല. ഇവ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

4. <u>പ്രവൃത്തി പൂർത്തീകരണ ശേഷം എസ്റ്റിമേറ്റ് പുതുക്കി:</u> ആദ്യ പദ്ധതിയുടെ ആദ്യ എസ്റ്റിമേറ്റിൽ ഷീറ്റ് റൂഫിനായി ഉൾപ്പെടുത്തിയിരുന്നത് 0.5mm കനത്തിനുള്ള ഷീറ്റാണ്. എന്നാൽ നിലവിൽ അവിടെയുള്ള റൂഫിംഗിന്റെ കനം 0.35mm ആണെന്നും, ഈ റൂഫിന്റെ തുടർച്ചയായി നിർമ്മിക്കുന്നതിനാൽ അതേ കനം ഷീറ്റ് ഉപയോഗിക്കുന്നതാണ് ഉചിതം എന്നു രേഖപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയാണ് പ്രവൃത്തി നടത്തിയത്. ഭരണസമിതിയുടെ 6.7.2022 ലെ 59/22 നമ്പർ തീരുമാനപ്രകാരമാണ് എസ്റ്റിമേറ്റ് പുതുക്കുന്നതിന് അംഗീകാരം നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ അളവു പുസ്തകം പരിശോധിച്ചതിൽ ഷീറ്റിന്റെ മാറ്റത്തിനു പുറമേ റൂഫിംഗിനുള്ള സ്റ്റീൽ വർക്കിന്റേയും, ഫാൾസ് സീലിംഗിന്റേയും അളവിൽ പ്രകടമായ മാറ്റം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടു. കൂടാതെ ഈ പ്രവൃത്തികളെല്ലാം, എക്സ്ട്രായിനം ഉൾപ്പെടെ, ഭരണസമിതി അംഗീകാരം ലഭിക്കുന്നതിനു മുമ്പേ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. റൂഫ് വർക്കിന്റെ സ്റ്റീലിന്റെ അളവിൽ 50.9% വർധനവുണ്ടാകുകയും, ഫാൾസ് സീലിംഗ് അളവിൽ 48.24% കുറവുണ്ടാകുകയും ചെയ്തു. ഈ പ്രവൃത്തികളെല്ലാം മുഴുവനായി 23.5.22, 27.5.22 എന്നീ തിയ്യതികളിൽ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ സമയം പ്രവൃത്തിയുടെ അളവിലോ, ഘടനയിലോ പ്രകടമായ മാറ്റങ്ങൾ വേണമെന്ന് ബോധ്യപ്പെടുന്ന പക്ഷം എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന പി.ഡബ്ല്യൂ.ഡി. മാനുവലിലെ നിർദ്ദേശം പാലിക്കാതെ പ്രവൃത്തി പൂർത്തീകരണ ശേഷം എസ്റ്റിമേറ്റ് പുതുക്കിയത് വിശദീകരിക്കേണ്ടതാണ്. കൂടാതെ സ്റ്റീൽ വർക്കിലും, ഫാൾസ് സീലിംഗ് പ്രവൃത്തിയിലും വൻതോതിലുള്ള അളവു മാറ്റത്തിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് മുകളിൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ, ഓരോ വർഷവും ലഭ്യമാകുന്ന ഫണ്ടിനനുസൃതമായാണ് പദ്ധതികൾ തയ്യാറാക്കുന്നതെന്നും, പൊളിച്ചെടുത്ത സാമഗ്രികളിൽ

ആസ്ബറ്റോസ് ഷീറ്റ് പൂർണ്ണമായും തകർന്ന രീതിയിലായിരുന്നെന്നും, ഫാൾസ് സീലിങ്ങിനുപയോഗിച്ചിരുന്ന അലുമിനിയം സെക്ഷനുകളുടെ സർവേ റിപ്പോർട്ട് തയ്യാറാക്കി ലേല നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ആദ്യ പദ്ധതിയിൽ Price 1 ൽ ലഭ്യമായ ഇനമാണ് ഉൾപ്പെടുത്തിയതെന്നും, രണ്ടാമത്തെ പ്രവൃത്തിയുടെ സമയം Price 3 വന്നതിനാൽ പ്രസ്തുത ഇനം ഉണ്ടായിരുന്നില്ലെന്നും അതിനാലാണ് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയതെന്നുമാണ്. പ്രൈസിൽ ഇനം ലഭ്യമാണെന്ന കാരണത്താൽ പ്രസ്തുത ഇനം അതേപടി ഉൾപ്പെടുത്താതെ മാർക്കറ്റ് വിലയിൽ മാറ്റങ്ങൾ വരാൻ സാധ്യതയുള്ള സാധനങ്ങളുടെ മാർക്കറ്റ് വില നൽകി പ്രവൃത്തികൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചല്ല, മറിച്ച് ആവശ്യകതയ്ക്കനുസരിച്ചാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. ഫണ്ടിനത്തിലുണ്ടാകുന്ന കുറവുകൾ ബഹുവർഷ പദ്ധതികൾ രൂപീകരിച്ച് പരിഹരിക്കാവുന്നതാണ്. പ്രവൃത്തിയുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്താണ് ഭരണസമിതിയുടെ അനുവാദം ലഭിക്കുന്നതിനു മുമ്പേ പ്രവൃത്തി പൂർത്തീകരിച്ചതെന്ന മറുപടി അംഗീകരിക്കാനാവില്ല. സ്റ്റീലിലും മറ്റുമുണ്ടായ അളവിലെ വൻമാറ്റം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ കൃത്യത കുറവ്/പാളിച്ചയാണ് വെളിപ്പെടുത്തുന്നത്. പ്രവൃത്തികളിൽ മാറ്റം വേണ്ടി വരുന്ന പക്ഷം എസ്റ്റിമേറ്റ് പുതുക്കാൻ നടപടി സ്വീകരിക്കേണ്ടതും, എസ്റ്റിമേറ്റുകൾ പുതുക്കുന്നതു സംബന്ധിച്ച് 26.3.2021ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/10690/2020/CE/LID&EW നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

ഓഡിറ്റ് വർഷം രൂപീകരിച്ച പദ്ധതി നിലവിലും പൂർത്തീകരിച്ചിട്ടില്ല. 2023-24 ൽ ഈ പദ്ധതി സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. 2023 മാർച്ച് മാസത്തിൽ പാർട്ട് ബിൽ നൽകിയ ശേഷം ഓഡിറ്റ് സമയം വരെ ഈ പദ്ധതിയിൽ തുടർപ്രവൃത്തികൾ നടത്തിയിട്ടില്ല. പദ്ധതി നിലവിലും പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതും, പൊളിച്ചെടുത്ത സാധനങ്ങളുടെ സ്റ്റോക്ക് കണക്കാക്കി ആയത് കൈയ്യൊഴിഞ്ഞ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

## 1-18 കുടിവെള്ള പദ്ധതികളുടെ നവീകരണം - മോട്ടോർ സ്ഥാപനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ല

പ്രോജക്ട് : കുടിവെള്ള പദ്ധതികളുടെ നവീകരണം, 31/23

അടങ്കൽ : 20,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ഈ പദ്ധതിയിൽ പഞ്ചായത്ത് പരിധിയിലുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ കിണർ, ടാങ്ക് എന്നിവയ്ക്ക് ഗ്രിൽ സ്ഥാപിക്കുന്നതിനും, നമ്പോനത്തിൽ കുടിവെള്ള പദ്ധതി കിണറിനു പ്ലാറ്റ്ഫോം നിർമ്മാണവും ലംസം തുകയായി ഇലക്ട്രിഫിക്കേഷനുമുള്ള തുകയുമാണ് വകയിരുത്തിയത്. ഇലക്ട്രിഫിക്കേഷന്റെ ഭാഗമായി രണ്ടു കുടിവെള്ള പദ്ധതികൾക്ക് റെയ്ഡ്കോ മുഖേന മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതായി കാണുന്നു.

| കുടിവെള്ള പദ്ധതി | റെയ്ഡ്കോ ഇൻവോയ്സ് നം./തിയ്യതി | തുക |
|---|---|---|
| ചെന്നിക്കോട്ടുകുളം കുടിവെള്ള പദ്ധതി | KKD/381/2022-2023/31.10.22 | 2,66,209/- |
| കൈരളി കുടിവെള്ള പദ്ധതി | KKD/386/2022-2023/31.10.22 | 2,39,297/- |

മേൽ ഇൻവോയ്സുകൾ പരിശോധിച്ചതിൽ പുതിയ പദ്ധതികൾക്ക് മോട്ടോർ സ്ഥാപനത്തിനു വേണ്ടി വരുന്ന തരത്തിൽ മോട്ടോറും, ഇലക്ട്രിഫിക്കേഷനു വേണ്ട അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള സാമഗ്രികളും, പ്ലംബിംഗിനുള്ള സമഗ്രികളും ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. നവീകരണ പ്രവൃത്തികൾക്കായി രൂപീകരിച്ച പദ്ധതിയിൽ ഇത്തരത്തിൽ പുതിയ പദ്ധതിയ്ക്കെന്ന വിധം മോട്ടോർ സ്ഥാപനം നടന്നതെങ്ങനെയെന്ന് വ്യക്തമല്ല.

മേൽ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട താഴെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമല്ല.

. ഓരോ കുടിവെള്ള പദ്ധതിയുടേയും ഗുണഭോക്താക്കളുടെ വിവരം/ഗുണഭോക്തൃ കമ്മിറ്റിയുടെ വിവരം

. നിലവിലുള്ള മോട്ടോർ തകരാറിലായതിന്റേയും, ആയത് മാറ്റേണ്ടതിന്റെ ആവശ്യകതയും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

. മാറ്റി സ്ഥാപിക്കേണ്ട/പുതുതായി സ്ഥാപിക്കുന്ന മോട്ടോറിന്റെ ക്ഷമത ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

. പഴയ മോട്ടോർ പിന്നീടെന്തു ചെയ്തു എന്നതു സംബന്ധിച്ച വിവരം

. മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിന് ഗുണഭോക്തൃകമ്മിറ്റി അപേക്ഷിച്ചതിന്റെ വിശദാംശം (കമ്മിറ്റി മിനുട്സ്, അപേക്ഷ തുടങ്ങിയവ)

. മോട്ടോർ സ്ഥാപനത്തിന് മത്സരക്ഷമത ഉറപ്പിക്കും വിധം ഓപ്പൺ ടെണ്ടർ നടത്താതെ റെയ്ഡ്കോയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏൽപ്പിച്ച നൽകാനുണ്ടായ സാഹചര്യം.

മേൽ കാര്യങ്ങൾക്ക് വ്യക്തതവരും വിധം വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടും, മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ റെയ്ഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ ഇത്തരത്തിൽ മോട്ടോറുകൾ വാങ്ങുന്നതു മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ചെലവിന്റെ സാധ്യത പരാമർശിച്ചിട്ടും വീണ്ടും അതേ രീതി തുടരാനുണ്ടായ സാഹചര്യം വിശദീകരിക്കാനും ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, നിലവിലുണ്ടായിരുന്ന മോട്ടോർ പല തവണ നന്നാക്കിയിട്ടും ഉപയോഗപ്രദമാകാതിരുന്നതിനാൽ പുതിയമോട്ടോർ സ്ഥാപിക്കാൻ ഗ്രാമസഭയിൽ ആവശ്യപ്പെട്ട പ്രകാരമാണ് പദ്ധതി രൂപീകരിച്ചതെന്നും, പഴയ മോട്ടോർ ലേലനടപടികൾക്കായി പഞ്ചായത്തിന് കൈമാറിയിട്ടുണ്ടന്നും മറുപടിയായി അറിയിച്ചു. മുൻവർഷ റിപ്പോർട്ടിൽ ഈ പരാമർശം വരുന്നതിനു മുമ്പേ ഈ പദ്ധതിയുടെ കരാർ നടപടികൾ കഴിഞ്ഞിരുന്നതിനാലാണ് റെയ്ഡ്കോയെ തന്നെ പ്രവൃത്തി ഏൽപ്പിച്ചതെന്നും മറുപടിയിൽ വിശദീകരിച്ചു. മറുപടിയിൽ വിവരിച്ച കാര്യങ്ങളെ സാധൂകരിക്കുന്ന രേഖകൾ മറുപടിയ്ക്കൊപ്പം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകളും, മുകളിൽ ആവശ്യപ്പെട്ട മറ്റു വിവരങ്ങളും ലഭ്യമാക്കേണ്ടതുമാണ്. പഴയ മോട്ടോർ കൈയ്യൊഴിഞ്ഞതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് നിർദ്ദേശിച്ച പ്രകാരമുള്ള അപാകതകളെല്ലാം പരിഹരിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 വനിത ഹെൽത്ത് ക്ലബ്ബ് - പ്രവർത്തനം ആരംഭിച്ചില്ല.

പ്രോജക്ട് നം. - 186/22

പ്രോജക്ട് - വനിത ഹെൽത്ത് ക്ലബ്ബ്

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ - 5,00,000/- രൂപ

( 4,46,738 രൂപ - വികസന ഫണ്ട് - പൊതു വിഭാഗം, 53,262 രൂപ – തനത് ഫണ്ട് )

ചെലവ് തുക - 4,99,269 രൂപ

( 4,46,738 രൂപ - വികസന ഫണ്ട് - പൊതു വിഭാഗം, 52,531 രൂപ – തനത് ഫണ്ട് )

( 4,40,033 രൂപ - വികസന ഫണ്ട് - പൊതു വിഭാഗം- ബിൽ നമ്പർ 689/22-23 തീയതി 21.1.2023, 6,705 രൂപ - വികസന ഫണ്ട് - പൊതു വിഭാഗം- ബിൽ നമ്പർ 289/22-23 തീയതി 21.1.2023, 52,531 രൂപ - തനത് ഫണ്ട് - ബിൽ നമ്പർ 230/22-23 തീയതി 21.1.2023 )

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനായി വ്യായാമ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് നാലാം വാർഡിൽ മൂലപിലാവ് അംഗനവാടി കോമ്പൗണ്ടിൽ ശിശുമന്ദിരം കെട്ടിടത്തിന്റെ മുകൾ നിലയിലാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഈ കെട്ടിടത്തിൽ വൈദ്യുതി ഒഴികെയുള്ള പശ്ചാത്തല സൗകര്യങ്ങളാണ് ലഭ്യമായിട്ടുള്ളത്.

ഓഡിറ്റ് വർഷം 4,99,269 രൂപ ചെലവഴിച്ച് 11 തരം വ്യായാമ ഉപകരണങ്ങൾ കാഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ( കാഡ്കോയുടെ 5.1.2023 ലെ NRO/22-23/331 നമ്പർ ബിൽ പ്രകാരം ) എന്നാൽ മേൽ കെട്ടിടത്തിൽ വൈദ്യുതി ലഭ്യമല്ലാത്തതിനാൽ വാങ്ങിയ വ്യായാമ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ നാളിതുവരെ സാധിച്ചിട്ടില്ല.

5.1.2023 ൽ ലഭ്യമായ മേൽ ഉപകരണങ്ങൾ ഓഡിറ്റ് തീയതിയിലും ശിശുമന്ദിരം കെട്ടിടത്തിൽ ഉപയോഗിക്കാതെ / സ്ഥാപിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വനിത ഹെൽത്ത് ക്ലബ്ബ് ഇലക്ട്രിഫിക്കേഷൻ എന്ന പ്രോജക്ടിനായി തുക വകയിരുത്തിയിരുന്നെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല. ( പ്രോജക്ട് നമ്പർ - 205, ആകെ അടങ്കൽ - 1,00,000 രൂപ - 41,497 രൂപ - വികസന ഫണ്ട് - ( പൊതുവിഭാഗം ) , 58,503 രൂപ – തനത് ഫണ്ട് ).

വനിത ഹെൽത്ത് ക്ലബ്ബിനായി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും മേൽ കെട്ടിടത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 1/2022-23 തീയതി 25.7.2023) ഐ.സി.ഡി.എസ് സൂപ്പർവൈസർ 26.7.2023 ന് ലഭ്യമാക്കിയ മറുപടിയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ഹെൽത്ത് ക്ലബ്ബ് എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കുന്നതാണെന്നും അറിയിച്ചു. എത്രയും പെട്ടെന്ന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി, ഹെൽത്ത് ക്ലബ്ബ് പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കേണ്ടതാണ്. ഹെൽത്ത് ക്ലബ് പ്രവർത്തനം ആരംഭിക്കുന്നത് വരെ ചെലവ് തുക 4,99,269/-രൂപ തടസ്സപ്പെടുത്തുന്നു.

1-20 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 69/23 | സ്നേഹസ്പർശം - വിഹിതം നൽകൽ | 3,00,000 -വികസന ഫണ്ട് | ജില്ലാ പഞ്ചായത്ത്, കോഴിക്കോട് 3,00,000 ബിൽ നമ്പർ - 102/22-23, തീയതി 28.3.2023 |
| 2 | 201/23 | ഡി. പി. സി സെക്രട്ടേറിയറ്റിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന് വിഹിതം കൈമാറൽ | 2,00,000 - തനത് ഫണ്ട് | ജില്ലാ കളക്ടർ, കോഴിക്കോട് 2,00,000 ബിൽ നമ്പർ - |

| | | | | |
|---|---|---|---|---|
| | | | | 214/22-23, തീയതി 17.1.2023 |
| 3 | 59/23 | ഐ. കെ. എം ന് വിഹിതം നൽകൽ | 94,261 - വികസന ഫണ്ട് | ഐ. കെ. എം, തിരുവനന്തപുരം 94,261 - ബിൽ നമ്പർ – 584/22-23, തീയതി 10.11.2022 |
| 4 | 188/23 | കുടിവെള്ള പദ്ധതികളുടെ ഇലക്ട്രിഫിക്കേഷൻ | 1,17,345 ധനകാര്യ കമ്മീഷൻഅവാർഡ് | കെ. എസ്. ഇ. ബി, കക്കോടി സെക്ഷൻ 13,916 - ബിൽ നമ്പർ - 256/22-23, തീയതി 6.2.2023 1,03,429 - ബിൽ നമ്പർ – 388/22-23, തീയതി 23.3.2023 |
| | | ആകെ | 7,11,606 | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2022-23 തീയതി 25.7.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 7,11,606/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ടേക്ക് എ ബ്രേക്ക് - വകയിരുത്തിയതിൽ കൂടുതൽ ചെലവ് - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണം

പ്രോജക്ട് : ടേക്ക് എ ബ്രേക്ക് പൂർത്തീകരണം തുക നൽകൽ, നം. 29/23

അടങ്കൽ : 1,02,707/- തനതുഫണ്ട്

ചെലവ് : 1,02,707/-, ബിൽ നം./തിയ്യതി: 39/1.8.22

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ മുൻവർഷം പൂർത്തീകരിച്ച പ്രവൃത്തിയുടെ ബാക്കി തുക നൽകുന്നതിനാണ് ഇതു രൂപീകരിച്ചതെന്ന് വ്യക്തമാകുന്നു. മുൻവർഷം രൂപീകരിച്ച് നടപ്പാക്കിയ ഒരു പദ്ധതിയിൽ (ടേക്ക് എ ബ്രേക്ക് പൂർത്തീകരണ പ്രവൃത്തി, 167/22, 6,27,389/- കേന്ദ്രാവിഷ്കൃത ഫണ്ട്) റീറ്റേനിംഗ് വാൾ നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, നാപ്കിൻ വെൻഡിംഗ്, ഇൻസിനിറേറ്റർ എന്നീ മെഷീനുകളുടെ സ്ഥാപനം എന്നിവ ഉൾപ്പെട്ടിരുന്നു. ഇവയ്ക്കായി യഥാക്രമം 3,67,114/-, 1,03,191/-, 65695/- രൂപ ചെലവുണ്ടായി. ഈ പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഇവയ്ക്കായി വകയിരുത്തിയ തുക പരിശോധിച്ചതിൽ നാപ്കിൻ വെൻഡിംഗ് ആന്റ് ഇൻസിനെറേറ്റർ സംവിധാനത്തിനായി ആകെ വകയിരുത്തിയത് 20,000/- രൂപയാണെന്ന് കാണുന്നു. എന്നാൽ ഇവയുടെ വാങ്ങലിനായി ചെലവഴിച്ചത് 65695/- രൂപയാണ്. ഇപ്രകാരം വകയിരുത്തിയതിൽ കൂടുതൽ ചെലവഴിച്ചതിനാൽ സിവിൽ പ്രവൃത്തി നടത്തിയ കരാറുകാരന് മുഴുവൻ തുക നൽകാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയും, തുടർവർഷം മേൽ പദ്ധതി

രൂപീകരിച്ച് തുക നൽകേണ്ടിയും വന്നു. വകയിരുത്തിയ തുക അധികരിച്ച് ചെലവു നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ നിർമ്മാണം ഓഡിറ്റിന്റെ ഭാഗമായി 24.7.23 ന് അസി.എഞ്ചിനീയറുടെയും, ഓവർസിയർമാരുടേയും സാന്നിദ്ധ്യത്തിൽ നേരിൽ സന്ദർശിച്ചതിൽ, മുറ്റം ഇന്റർലോക്ക് നിർമ്മാണത്തിൽ എസ്റ്റിമേറ്റിൽ നിന്നും വ്യത്യാസം ഉള്ളതായി കണ്ടു. എസ്റ്റിമേറ്റ് പ്രകാരം 80mm കനത്തിലുള്ള കോൺക്രീറ്റ് ഇന്റർലോക്കിംഗ് പേവിംഗ് ബ്ലോക്കാണ് വിരിക്കേണ്ടത്. എന്നാൽ 60mm കനത്തിലുള്ള പേവിംഗ് ബ്ലോക്കാണ് നിർമ്മാണത്തിനുപയോഗിച്ചതെന്ന് കാണുന്നു. എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണം തെറ്റായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തി തുക കണക്കാക്കിയതിനാൽ അധിക തുക കരാറുകാരന് നൽകിയിട്ടുണ്ട്. പ്രസ്തുത ഇനത്തിന്റെ ഡാറ്റാ പരിശോധിച്ചതിൽ 80mm കട്ടയുടെ വില 470/- രൂപ നിരക്കിലാണെന്ന് കാണുന്നു. പഞ്ചായത്ത് ഓഫീസ് മുറ്റം ഇന്റർലോക്ക് കട്ട വിരിച്ചിരിക്കുന്നത് 60mm കനത്തിലുള്ള പേവിംഗ് ബ്ലോക്ക് ഉപയോഗിച്ചാണ്. ഈയിനത്തിൽ പേവിംഗ് ബ്ലോക്കിന്റെ വില 400/- രൂപ നിരക്കിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 80mm കട്ട വിരിക്കുന്നതിന് Stone Aggregate നു പുറമേ Sand കൂടി ഉപയോഗപ്പെടുത്തുന്ന വിധം ആയതിന്റെ നിരക്കുകൂടി പ്രസ്തുത ഐറ്റത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ ചെയ്തത് 60mm ബ്ലോക്കാണെന്നിരിക്കെ നിർമ്മാണത്തിൽ Sand ഉപയോഗം ഉണ്ടാകാനുള്ള സാധ്യതയും ഇല്ല. ഈ നിരക്ക് വ്യത്യാസവും അധിക ചെലവിന് കാരണമായിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നാപ്കിൻ വെൻഡിംഗ് മെഷീനു കൂടുതൽ തുക വേണ്ടിവന്നതിനാലാണ് ഭരണസമിതിയുടെ നിർദ്ദേശ പ്രകാരം പ്രസ്തുത തുക നൽകിയതെന്നും, ശുചിത്വമിഷൻഫണ്ട് പിന്നീട് ലഭ്യമല്ലാത്തതിനാൽ പുതിയ പദ്ധതി രൂപീകരിച്ച് ബാക്കി തുക നൽകുകയാണുണ്ടായതെന്നും മറുപടി ലഭ്യമാക്കി. വിഭാവനം ചെയ്തതിനേക്കാൾ കൂടുതൽ തുക ആവശ്യമാണെന്ന് മനസ്സിലാക്കുന്ന പക്ഷം പദ്ധതി അടങ്കലിൽ മാറ്റം വരുത്തി പദ്ധതി പുതുക്കാതെ പുതിയ പദ്ധതി രൂപീകരിച്ച് തുക നൽകുന്ന രീതി അംഗീകരിക്കാവുന്നതല്ല. ഈ രീതി ഒഴിവാക്കേണ്ടതാണ്. എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച നിർമ്മാണത്തിന്റെ യഥാർത്ഥ ചെലവ് കണക്കാക്കി അധിക തുക കരാറുകാരനിൽ നിന്ന് അല്ലെങ്കിൽ തെറ്റായി അളവു രേഖപ്പെടുത്തിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

******

## 1-22 "ടേക്ക് എ ബ്രേക്ക്" - പ്രവർത്തന സജ്ജമായില്ല

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വിശദമായി നൽകി.

മേൽ പദ്ധതിയുടെ ഭാഗമായി കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ടേക്ക് എ

ബ്രേക്ക് നിർമ്മാണത്തിനായി പ്രോജക്ട് രൂപീകരിച്ചു. ഈ പദ്ധതിയുടെയും, നിർമ്മാണത്തിന്റെ പൂർത്തീകരണത്തിനായി രൂപീകരിച്ച മറ്റു രണ്ടു പദ്ധതികളുടേയും നിർവ്വഹണം 2021-22 വർഷത്തിൽ നടന്നു. നിർവ്വഹണം നടത്തിയ പദ്ധതിയിൽ തുക നൽകാൻ തികയാതിരുന്ന സാഹചര്യത്തിൽ 2022-23 ൽ മറ്റൊരു പദ്ധതി രൂപീകരിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. രൂപീകരിച്ച പദ്ധതികളുടെയും, അവയ്ക്കായി ചെലവഴിച്ച തുകയുടേയും വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് പേര്/നം. | അടങ്കൽ/ഫണ്ടിനം | ചെലവ്/ബിൽ നം., തിയ്യതി | പ്രവൃത്തി വിശദാംശം |
|---|---|---|---|
| ടേക്ക് എ ബ്രേക്ക്, 109/22 2020-21ൽ നിന്നുള്ള സ്പിൽ ഓവർ) | 18,99,181/- കേന്ദ്രാവിഷ്കൃത ഫണ്ട് (സ്വച്ഛ്ഭാരത്) | 18,91,817/- ചെക്ക് നം. 120207/25.10.21 | കെട്ടിടനിർമ്മാണം, ഫിനിഷിംഗ് പ്രവൃത്തികൾ (പ്ലംബിംഗ് ഉൾപ്പെടെ) |
| ടേക്ക് എ ബ്രേക്ക് പൂർത്തീകരണ പ്രവൃത്തി, 167/22 | 6,27,389/- കേന്ദ്രാവിഷ്കൃത ഫണ്ട് | 5,36,000/- ചെക്ക് നം. 120209/31.3.22 | റീറ്റേൻനിംഗ് വാൾ നിർമ്മാണവും, ഇലക്ട്രിഫിക്കേഷൻ, നാപ്കിൻ വെൻഡിംഗ് ആന്റ് ഇൻസിനിറേറ്റർ സ്ഥാപിക്കൽ |
| ടേക്ക് എ ബ്രേക്ക് ഡ്രൈനേജ്, കോമ്പൗഡ് വാൾ, 168/22 | 4,99,966/- കേന്ദ്രാവിഷ്കൃത ഫണ്ട് | 4,99,966/- ചെക്ക് നം. 120208/22.3.22 | ഡ്രൈനേജിന്റെയും, കോമ്പൗഡ് വാളിന്റേയും നിർമ്മാണം |
| ടേക്ക് എ ബ്രേക്ക് പൂർത്തീകരണം തുക നൽകൽ, 29/23 | 1,02,707/- തനതുഫണ്ട് | 1,02,707/- ബിൽ നം. 39/01.08.22 | രണ്ടാമത്തെ പ്രവൃത്തിയിൽ സിവിൽ പ്രവൃത്തി നടത്തിയ കരാറുകാരന്റെ ബാക്കി തുക നൽകുന്നതിന് |
| ആകെ ചെലവ് | | 30,30,490/- | |

മുകളിൽ വിവരിച്ച പദ്ധതികളിൽ 2022-23 വർഷത്തിലെ പുതിയ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ മുൻവർഷം പൂർത്തീകരിച്ച പ്രവൃത്തിയുടെ ബാക്കി തുക നൽകുന്നതിനാണ് ഇതു രൂപീകരിച്ചതെന്ന് വ്യക്തമാകുന്നു. പട്ടികയിൽ രണ്ടാമത്തെ പദ്ധതിയിൽ ഉണ്ടായ ചെലവുകൾ യഥാക്രമം സിവിൽ പ്രവൃത്തി, ഇലക്ട്രിഫിക്കേഷൻ, നാപ്കിൻ വെൻഡിംഗ്, ഇൻസിനിറേറ്റർ എന്നീ മെഷീനുകളുടെ ചെലവുകളാണ് (3,67,114 + 1,03,191 + 65695). ഈ പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഇവയ്ക്കായി വകയിരുത്തിയ തുക പരിശോധിച്ചതിൽ നാപ്കിൻ വെൻഡിംഗ് ആന്റ് ഇൻസിനെറേറ്റർ സംവിധാനത്തിനായി ആകെ വകയിരുത്തിയത് 20,000/- രൂപയാണെന്ന് കാണുന്നു. എന്നാൽ ഇവയുടെ വാങ്ങലിനായി ചെലവഴിച്ചത് 65,695/- രൂപയാണ്. ഇപ്രകാരം വകയിരുത്തിയതിൽ കൂടുതൽ ചെലവഴിച്ചതിനാലാണ് സിവിൽ പ്രവൃത്തി നടത്തിയ കരാറുകാരന് മുഴുവൻ തുക നൽകാൻ കഴിയാഞ്ഞതും തുടർവർഷം മറ്റൊരു പദ്ധതി രൂപീകരിച്ച് തുക നൽകുന്ന അവസ്ഥയുണ്ടാകുന്നതും. വകയിരുത്തിയ തുക അധികരിച്ച് ചെലവു നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

ടേക്ക് എ ബ്രേക്ക് നിർമ്മാണവും, നിലവിലെ അവസ്ഥയും ഓഡിറ്റിന്റെ ഭാഗമായി അവലോകന വിധേയമാക്കുകയുണ്ടായി. കെട്ടിട നിർമ്മാണം പൂർത്തിയായതിനുപരിയായി പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് മനസ്സിലാക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

<u>നിർമ്മാണം അനുയോജ്യമായ സ്ഥലത്തല്ല:</u> സർക്കാർ ഉത്തരവ് (സാധാ) നം.1401/2020/ത.സ്വ.ഭ.വ.യിൽ നിർദ്ദേശിക്കുന്നതനുസരിച്ച് ദേശീയ-സംസ്ഥാന പാതയോരങ്ങളിലാണ് പുതുതായി നിർമ്മിക്കുന്ന ശുചിമുറികൾ ക്രമീകരിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ പറമ്പിൽ ബസാറിൽ നിന്നും പൂളക്കടവ് എന്ന സ്ഥലത്തേക്ക് എത്താനുള്ള ചെറിയ വഴിയിലൂടെ നീങ്ങി പൂനൂർ പുഴയോരത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

ഉപയോഗം ഉറപ്പുവരുത്താതെ പ്രീമിയം തരത്തിലുള്ള നിർമ്മാണം നടത്തി: മേൽ ഉത്തരവ് പ്രകാരം സ്ഥലലഭ്യതയുടേയും, ദിവസവും ഉപയോഗിക്കാൻ സാധ്യതയുള്ള ആളുകളുടേയും എണ്ണത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ശുചിമുറികളുടെ തരം നിശ്ചയിക്കേണ്ടത്. 150 പേരിൽ കൂടുതൽ ഉപയോഗിക്കാൻ സാധ്യതയുള്ളതും, രണ്ടു മുതൽ മൂന്നു സെന്റ് വരെ സ്ഥലലഭ്യതയുമുള്ളയിടങ്ങളിലാണ് "പ്രീമിയം" തരത്തിലുള്ള ശുചിമുറികൾ സ്ഥാപിക്കേണ്ടത്. പ്രീമിയം തരത്തിലുള്ള ശുചിമുറികൾക്ക് സ്ത്രീകൾക്കും, പുരുഷൻമാർക്കുമായി രണ്ടു വീതം വാട്ടർ ക്ലോസറ്റുകളും, യൂറിനലുകൾ, ഭിന്നശേഷിക്കാർക്കായി ഒരു വാട്ടർ ക്ലോസറ്റ് എന്നിവയും, റീഫ്രഷ്മെന്റിനും, ശിശുപരിപാലനത്തിനും കോഫി ഷോപ്പിനുമുള്ള സ്ഥലവും ഉണ്ടായിരിക്കണം. ഈ രീതിയിൽ എല്ലാ സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് ഗ്രാമപഞ്ചായത്ത് കെട്ടിടനിർമ്മാണം നടത്തിയത്. എന്നാൽ സർക്കാർ നിർദ്ദേശത്തിനനുസൃതമായ രീതിയിൽ ഈ സ്ഥലത്ത് ജനങ്ങൾ ഒത്തു കൂടാനോ, ശുചിമുറികൾ ഉപയോഗപ്പെടുത്താനോ യാതൊരു സാധ്യതയുമില്ലാത്തിടത്താണ് നിർമ്മാണം നടത്തിയിരിക്കുന്നത്. ഇത് സർക്കാർ പണം പാഴാക്കിയതിനു തുല്യമാണ്.

സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തതയില്ല: ശുചിമുറി നിർമ്മിച്ച സ്ഥലത്തിന്റെ വിസ്തൃതിയോ, ഉടമസ്ഥാവകാശമോ സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. പുഴ പുറമ്പോക്കാണെന്ന് അവകാശപ്പെടുന്നെങ്കിലും സാധൂകരിക്കുന്ന രേഖകൾ ഇല്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച് പരാമർശിച്ചതിനെ തുടർന്ന് വ്യക്തത വരുത്തുന്നതിന് വില്ലേജ് ഓഫീസുമായി എഴുത്തുകുത്തുകൾ നടത്തി വരുന്നു.

നിലവിലും ഉപയോഗപ്രദമാക്കിയില്ല: ഈ കെട്ടിടത്തിന്റെ നിർമ്മാണം 2021-22 കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് സമയം വരെ ഇത് പ്രവർത്തന സജ്ജമാക്കിയിട്ടില്ല. ഓഡിറ്റ് നടന്നു വരവേ 25.7.23 നാണ് ഉദ്ഘാടന ചടങ്ങ് നടത്തിയത്. ഉദ്ഘാടനം കഴിഞ്ഞാലും കെട്ടിടം എപ്രകാരം പ്രയോജന പ്രദമാക്കുമെന്നതിനെ സംബന്ധിച്ച് വ്യക്തതയില്ല. സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ശുചിമുറികളുടെ പരിപാലനം നടക്കണമെങ്കിൽ കെട്ടിടത്തിൽ നിർമ്മിച്ച കഫ്റ്റീരിയയുടെ പ്രവർത്തനം സജീവമാകണം. ഇതിനുള്ള സാധ്യത തുലോം കുറവാണ്.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ടേക്ക് എ ബ്രേക്ക് സംബന്ധിച്ച പരാമർശങ്ങൾക്ക് പഞ്ചായത്ത് നൽകിയ വിശദീകരണം, പറമ്പിൽ ബസാർ - പൂളക്കടവ് - വെള്ളിമാടുകുന്ന് റോഡുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പൂനൂർ പുഴക്കു കുറുകെ ജലസേചന വകുപ്പ് റഗുലേറ്ററി കം ബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പാലം വരുന്നതോടെ ഇപ്പോൾ കെട്ടിടം നിർമ്മിച്ച സ്ഥലം സഞ്ചാരയോഗ്യമാകുമെന്നും കൂടാതെ ഭാവിയിൽ പുഴയിലൂടെ ബോട്ട് സർവീസ് ആരംഭിച്ച് വിനോദ സഞ്ചാര കേന്ദ്രമായി മാറാൻ സാധ്യതയുണ്ടെന്നുമാണ്. ജലസേചന വകുപ്പും ടൂറിസം വകുപ്പും മേൽ പറഞ്ഞ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന അവസരത്തിൽ മാത്രമേ ഗ്രാമപഞ്ചായത്ത് ടേക്ക് എ ബ്രേക്ക് എന്ന പേരിൽ നിർമ്മിച്ച കെട്ടിടം കൊണ്ട് പദ്ധതി പ്രകാരം ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനാകൂ. അല്ലാത്ത പക്ഷം പ്രസ്തുത കെട്ടിടം നിഷ്ക്രിയ ആസ്തിയായി തീരാൻ സാധ്യതയുണ്ട്. അത്തരത്തിലുള്ള സാഹചര്യം ഒഴിവാക്കി കെട്ടിടം പ്രയോജന പ്രദമാക്കുന്നതിന് ഭരണസമിതി യഥാസമയം ഇടപെടലുകൾ നടത്തേണ്ടതാണ്. ഇക്കാര്യത്തിലുണ്ടായ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ടേക്ക് എ ബ്രേക്ക് പ്രവർത്തനക്ഷമമാകുന്നതു വരെ ഓഡിറ്റ് വർഷത്തെ ചെലവ് 1,02,707/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

### 1-23 തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല

കെ.എസ്.ഇ.ബിയുടെ വെള്ളിമാട്കുന്ന്, നരിക്കുനി, കക്കോടി സെക്ഷനുകളിൽ നിന്നുള്ള ഡിമാന്റ് നോട്ടീസുകളുടെ അടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 10,02,688/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തെരുവിളക്കുകളുടെ എണ്ണം, തരം എന്നിവ

തീർച്ചപ്പെടുത്താതെയാണ് വൈദ്യുതി ചാർജ്ജ് അടവാക്കിയിട്ടുള്ളത്.
അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/2022-23 തീയതി 26.07.2023) മറുപടി ലഭിച്ചിട്ടില്ല. കെ.എസ്.ഇ.ബിയുമായി ചേർന്ന് അടിയന്തിരമായി തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ തെരുവിളക്കുകളുടെ എണ്ണം, തരം, സ്ഥാനം എന്നിവ വ്യക്തമാക്കുന്ന തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-24 മാലിന്യനിർമ്മാർജ്ജനത്തിലെ നിലവിലെ അവസ്ഥയും സ്വീകരിക്കേണ്ട തുടർനടപടികളും

2022-23 വർഷത്തിൽ മാലിന്യം നീക്കം ചെയ്യുന്നതിനായി, വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി മാലിന്യം ശേഖരിക്കലും നീക്കം ചെയ്യലും സ്പിൽ ഓവർ പദ്ധതി (പ്രോജക്ട് നമ്പർ. 57/23 ) പ്രകാരം താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ബിൽ നമ്പർ , ചെലവ് തുക (ഫണ്ടിനം) | ചെലവിനം | റിമാർക്സ് |
|---|---|---|---|
| 1 | 435/28.03.2023 – 121540/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്) | 12.8.22, 26.8.22 തിയ്യതികളിൽ 10300 Kg അജൈവ പാഴ്വസ്തുക്കൾ ലോഡാക്കി കയറ്റി അയച്ചതിന് ക്ലീൻ കേരള എന്ന സ്ഥാപനത്തിന് കിലോഗ്രാമിന് 10 രൂപ നിരക്കിൽ നൽകിയ ഇനത്തിലെ ചെലവ്. | എം.സി.എഫിൽ ശേഖരിച്ച് തരം തിരിച്ച മാലിന്യങ്ങൾ |
| 2 | 439/29.03.2023 – 613600/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്) | 15.3.23 മുതൽ 28.3.23 വരെയുള്ള തിയ്യതികളിൽ 61360 Kg അജൈവ പാഴ്വസ്തുക്കൾ ലോഡാക്കി കയറ്റി അയച്ചതിന് | ഉറവിടം വ്യക്തമല്ലാത്ത മാലിന്യങ്ങൾ |

| | | | |
|---|---|---|---|
| | | ക്ലീൻ കേരള എന്ന സ്ഥാപനത്തിന് കിലോഗ്രാമിന് 10 രൂപ നിരക്കിൽ നൽകിയ ഇനത്തിലെ ചെലവ്. | |
| ആകെ | 7,35,140/- രൂപ | | |

ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 13.2.2023 തിയ്യതിയിലെ 9/23 നമ്പർ തീരുമാന പ്രകാരം എം.സി.എഫിൽ ശേഖരിച്ച് തരം തിരിച്ചതും വലിച്ചെറിയൽ മുക്തകേരളം പദ്ധതിയുടെ ഭാഗമായി വാർഡുകളിൽ നിന്നും ശേഖരിച്ചതുമായ പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ക്ലീൻ കേരളയ്ക്ക് നൽകാൻ തീരുമാനിക്കുകയും, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം, ഭരണ സമിതി 17.02.2023 ലെ 43/23 നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.2023 ലെ WM3/38/2023-LSGD നമ്പർ സർക്കുലറിലെ പകർച്ചവ്യാധി പ്രതിരോധയജ്ഞത്തിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക വിധേയമായും, ബ്രഹ്മപുരം തീ പിടിത്തത്തിന്റെ പശ്ചാത്തലത്തിൽ ബഹു:കേരള ഹൈക്കോടതിയുടെ WP( C ) 7844/2023(S) നമ്പർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 15.3.2023 ലെ സർക്കാർ ഉത്തരവ് (സാ.ധാ) നം. 619/2023 /ത.സ്വ.ഭ.വ- ന വിധേയമായുമാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിലെ പുഴ, കനാൽ, തോടുകൾ, റോഡ് സൈഡുകൾ എന്നിവയിൽ നിന്നും ശേഖരിച്ച, ഉറവിടം വ്യക്തമല്ലാത്ത, യൂസർഫീ പിരിച്ചെടുക്കാൻ സാധിക്കാത്ത അജൈവമാലിന്യങ്ങൾ കയറ്റി അയക്കുന്നതിനായി മേൽ കാണിച്ച ക്രമനമ്പർ (2) പ്രകാരമുള്ള 613600/- രൂപ ചെലവഴിച്ചതെന്ന് പദ്ധതി നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥൻ വിശദീകരിക്കുകയുണ്ടായി. മാലിന്യം സൃഷ്ടിച്ച വ്യക്തികളെ തിരിച്ചറിയാൻ സാധിക്കാത്തതും ഉറവിടം നിശ്ചയിക്കാൻ സാധ്യമല്ലാത്തതുമായ 61360 കിലോഗ്രാം മാലിന്യം പഞ്ചായത്ത് ചെലവിൽ ഇത്തരത്തിൽ നീക്കം ചെയ്തിട്ടുണ്ട്.

അജൈവമാലിന്യങ്ങൾ സ്രോതസ്സിൽ നിന്നും, സൃഷ്ടിക്കുന്നവരുടെ ചെലവിൽ തരംതിരിച്ച് ശേഖരിച്ച്, മൂല്യവർദ്ധിത വസ്തുവായി വരുമാനമാർജ്ജിച്ച് കൊണ്ട് കൈയ്യൊഴിയുന്ന സംവിധാനമായ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായ രീതിയിൽ സ്ഥാപനത്തിൽ നടക്കാത്തത് മാലിന്യ നിർമ്മാർജ്ജനത്തിന് മേൽ കാണിച്ച ക്രമനമ്പർ (1) പ്രകാരമുള്ള ചെലവ് വരാൻ കാരണമായിട്ടുണ്ട്.

പരിശോധനയ്ക്ക് ലഭ്യമാക്കിയ കാഷ്ബുക്ക്, ബാങ്ക് പാസ്സ്ബുക്ക് എന്നിവ പ്രകാരം യൂസർ ഫീ ഇനത്തിൽ 339290/- രൂപയും, വേർതിരിച്ച മാലിന്യങ്ങൾ കയറ്റി അയച്ച ഇനത്തിൽ 84278/- രൂപയുമാണ് ഹരിതകർമ്മ സേനയ്ക്ക് 2022-23 വർഷത്തിൽ ലഭിച്ചിട്ടുള്ളത്. വേതനം ഇനത്തിൽ ഹരിതകർമ്മ സേനയ്ക്ക് പ്രസ്തുത വർഷം 493890/- രൂപയുടെ ചെലവുള്ളതായും കാണുന്നു. ഗ്രാമപഞ്ചായത്തിൽ 12621 വാസഗൃഹങ്ങളും 706 സംരംഭക ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളുമുണ്ട്. 2022-23 വർഷത്തിൽ ഇവയിൽ 60% വീടുകളിൽ / സ്ഥാപനങ്ങളിൽ നിന്നു മാത്രമേ ഹരിതകർമ്മസേന മാലിന്യങ്ങൾ ശേഖരിച്ചിട്ടുള്ളൂ. ആയവയിൽത്തന്നെ 50% സ്ഥാപനങ്ങളിൽ/വീടുകളിൽ നിന്നു മാത്രമാണ് ഹരിതകർമ്മസേനയ്ക്ക് യൂസർ ഫീ ലഭിച്ചിട്ടുള്ളത്. എന്നാൽ 2023 ജൂൺ മാസത്തിൽ പഞ്ചായത്തിലെ 30% വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും മാത്രം യൂസർ ഫീ ഇനത്തിൽ 245442/- രൂപ ഹരിതകർമ്മസേനയ്ക്ക് ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വീടുകൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കൃത്യമായ ഇടവേളകളിൽ ഹരിതകർമ്മസേന പ്രവർത്തകർ മാലിന്യം ശേഖരിക്കുന്നതിനോടൊപ്പം യൂസർ ഫീ പിരിച്ചെടുത്തിരുന്നുവെങ്കിൽ

ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി പദ്ധതി വെച്ച് അജൈവ മാലിന്യം കയറ്റി അയക്കുന്നതിന് തുക ചെലവഴിക്കേണ്ടിവരില്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്. എം.സി.എഫ് കേന്ദ്രങ്ങളിൽ വെച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് നൽകിയിരുന്നെങ്കിൽ നല്ല പ്ലാസ്റ്റിക്കിന് ലഭിക്കുമായിരുന്ന വില നഷ്ടമാകുകയും, കൂടുതൽ മാലിന്യങ്ങൾ കയറ്റി അയക്കേണ്ടി വന്നതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് കൂടുതൽ തുക ചെലവഴിക്കേണ്ടി വരികയും ചെയ്തു.

പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുമ്പോൾ ആയത് സൂക്ഷിക്കാനും, തരംതിരിക്കാനുമുള്ള യാതൊരു സൗകര്യവും 400 Sqft മാത്രം വിസ്തൃതിയുള്ള എം. സി. എഫിൽ ഇല്ലാത്തത് ഹരിത കർമ്മസേനയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായി കാണുന്നു. സ്ഥലപരിമിതിയും, ഗ്രാമപഞ്ചായത്തിലും, കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിലും RRF ഇല്ലാത്തതും മാലിന്യം കയറ്റി അയക്കേണ്ടതിന് കാരണമാവുന്നുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം. 628/2023/ത.സ്വ.ഭ.വ തി. 16.03.2023 പ്രകാരം കുറഞ്ഞത് 1500 – 2000 Sqf വിസ്തൃതിയെങ്കിലും എം. സി. എഫിന് ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ശേഖരിച്ച മാലിന്യം സൂക്ഷിക്കുന്നതിനും, വേർതിരിക്കുന്നതിനും ആവശ്യമായ സ്ഥലസൗകര്യമുള്ള, സർക്കാർ ഉത്തരവിൽ പരാമർശിച്ച വിസ്തൃതിയുള്ള എം. സി. എഫ് കണ്ടെത്തുന്നത് വഴി മേൽ ചൂണ്ടിക്കാണിച്ച അപാകതകൾ ഒരു പരിധി വരെ പരിഹരിക്കുന്നതിന് സാധിക്കുന്നതാണെന്ന് കാണുന്നു. എം.സി.എഫിൽ വൈദ്യുതി, കുടിവെള്ളം, എന്നീ സൗകര്യങ്ങൾ ഇല്ല. ഇത് കൂടാതെ 36 അംഗങ്ങളുള്ള ഹരിതകർമ്മസേനാ പ്രവർത്തകർക്ക് വിശ്രമസ്ഥലം, ബാത്ത് റൂം എന്നീ അടിസ്ഥാന സൗകര്യങ്ങൾ പോലും നിലവിലുള്ള എം.സി.എഫിൽ ഏർപ്പെടുത്തിയിട്ടില്ല. ഇത്തരത്തിലുള്ള അപാകതകൾ കൂടെ പരിഹരിക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്.

2022-23 ൽ മാലിന്യം കയറ്റി അയക്കുന്നതിന് കിലോഗ്രാമിന് 10/- രൂപയും 18% ജി. എസ്. ടിയും ഉൾപ്പെടുന്ന തുകയാണ് ക്ലീൻ കേരളയ്ക്ക് നൽകിയിട്ടുള്ളത്. കുറഞ്ഞ നിരക്കിൽ മാലിന്യം കയറ്റിക്കൊണ്ട് പോവുന്ന സ്ഥാപനങ്ങളെ E_tender മുഖേന കണ്ടെത്താത്തതും ഈ ഇനത്തിലുള്ള ചെലവ് അധികരിക്കാൻ കാരണമായിട്ടുണ്ട്. അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മാലിന്യം കയറ്റിക്കൊണ്ട് പോവുന്നതിനുള്ള വാഹന വാടക എന്ന പ്രോജക്ട് പ്രകാരം 15,600/- രൂപ വാഹന വാടക ഇനത്തിലും ചെലവഴിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങി നൽകുന്നത് വഴി ഈ ഇനത്തിലുള്ള ചെലവ് കുറയ്ക്കുന്നതിനു സാധിക്കുന്നതാണ്.

628/2023/ത.സ്വ.ഭ.വ തി. 16.03.2023 നമ്പർ സർക്കാർ ഉത്തരവിലെ കലണ്ടർ പ്രകാരം തന്നെ മാലിന്യങ്ങൾ ശേഖരണം നടത്തേണ്ടതാണ്. സർക്കാർ ഉത്തരവ് (സാധാ) നം. 2307/2021/ത.സ്വ.ഭ.വ തി. 1611.2021 നിർദ്ദേശ പ്രകാരമുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം, ഹരിതകർമ്മ സേനയ്ക്ക് യൂസർഫീ നൽകാത്തവരിൽ നിന്നും പ്രസ്തുത തുക വസ്തുനികുതി കുടിശികയായി കണക്കാക്കി ഈടാക്കുന്നതിന് 01.04.2023 പ്രാബല്യത്തിൽ, അനുമതി നൽകിക്കൊണ്ട് സർക്കാർ 31.3.2023 ൽ പുറപ്പെടുവിച്ച 789/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് എന്നിവ നടപ്പിലാക്കുന്നതിനോടൊപ്പം, ഗ്രാമപഞ്ചായത്തിലെ എം. സി. എഫ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി ഈ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു. ഓഡിറ്റിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നൽകിയ അന്വേഷണക്കുറിപ്പിന് (നം.19/2022-23 തി.26.07.2023) ലഭ്യമാക്കിയ മറുപടിയിൽ അജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്നും ശേഖരിച്ചവ വേർതിരിച്ച് പണമാക്കിമാറ്റുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് 2023-24 വർഷത്തിൽ പദ്ധതി രൂപപ്പെടുത്തിയതായും, ആയതിലേക്കായി മാലിന്യം ആയത് സൃഷ്ടിക്കുന്ന ആളിന്റെ ഉത്തരവാദിത്വമാണെന്നും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് ശിക്ഷാർഹമായിരിക്കുമെന്നും കാണിച്ചുകൊണ്ട് പഞ്ചായത്തിലെ മുഴുവൻ വീടുകളിലും കടകളിലും നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഇത് കൂടാതെ പുതിയ MCF

വാടകയ്ക്ക് എടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ച് വരുന്നതായും, ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി മോണിറ്ററിംഗ് ചെയ്യുന്നതിന് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പ് 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി കെൽട്രോണുമായി കരാർ വെച്ചിട്ടുള്ളതാണെന്നും, ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും, നിലവിലുള്ള MCF വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പൂർണ്ണമായും പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | 38/22-23<br>ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | 700000/- മെയിന്റനൻസ് ഫണ്ട്. (നോൺ റോഡ്) |
| ചെലവ് | 700000/- (ബിൽ നം. 237/25.01.2023 ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പ്രോജക്ട് പ്രകാരം കുരുവട്ടൂർ ഹോമിയോ ഡിസ്പെൻസറികളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 7,00,000/- രൂപ മുകളിൽ ചേർത്ത വിധം ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി മരുന്നുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നത് വരെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 1-26 എൻ.ആർ.ഇ.ജി.എസ്.- പ്രവൃത്തി ബില്ലുകളിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ MGNREGS പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തിയ (തുക നൽകിയ) മെറ്റീരിയൽ പ്രവൃത്തികൾക്ക് വേണ്ട മെറ്റീരിയിൽ സംഭരിച്ചത് ടെണ്ടർ ചെയ്ത് കരാറുകാർ മുഖേനയാണ് . ഇതിൽ വിവിധ പ്രവൃത്തികളുടെ മെറ്റീരിയൽ വില 2.5 ലക്ഷത്തിൽ കൂടുതലാണ്. ഇത്തരം പ്രവൃത്തികളുടെ ബിൽ തുക നല്കുമ്പോൾ സെൻട്രൽ ഫിനാൻസ് മിനിസ്ട്രിയുടെ 14.9.2018 ലെ CBEC Circular No.65/39 /2018-DOR പ്രകാരം 2% ജി. എസ്. ടി ഈടാക്കേണ്ടതുണ്ട്. എന്നാൽ ജി. എസ്. ടി ഈടാക്കാതെയാണ് ഈ പ്രവൃത്തികളുടെ തുക കരാറുകാർക്ക് നല്കിയിരിക്കുന്നത്. ജി.എസ്.ടി. ഈടാക്കാതെ തുക നൽകിയ പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | മെറ്റീരിയൽ വില | കരാറുകാരൻ | FTO നമ്പർ/തിയ്യതി |
|---|---|---|---|---|
| 1 | താഴത്ത് അടുക്കത്ത് നച്ചം പറമ്പത്ത് റോഡ് കോൺക്രീറ്റ് | 3,91,022/- | ഷമീൽ. എൻ | 261120221610/17.1.2023 |
| 2 | വെള്ളുളി തട്ടാരിക്കൽ മീത്തൽ റോഡ് | 3,75,317/- | ഷാജി. സി. | 12042022162375/ 13.7.22 |
| 3 | ഗൾഫ് ബസാർ നമ്പൂറത്ത് താഴെ ചിറ്റയിടത്ത് റോഡ് | 3,95,366/- | പ്രബീഷ്. സി. കെ. | 31032022161301/ 13.7.22 |

| | | | | |
|---|---|---|---|---|
| 4 | കുനിയേടത്തുതാഴം തയ്യിൽതാഴം റോഡ് | 3,96,697/- | പ്രബീഷ്. സി. കെ. | 01072022163638/ 13.7.22 |
| 5 | മേറ്റത്ത് മുക്ക് കൊലിയേടത്ത് റോഡ് | 3,82,929/- | മുഹമ്മദ് റാഫി. കെ. എം | 21042022161385/ 13.7.22 |
| 6 | ചരപറമ്പത്ത് കുന്നത്ത് റോഡ് | 3,89,416/- | ഷമീൽ. എൻ | 2511202216541/17.1.2023 |

ജി.എസ്.ടി. ഈടാക്കാതെ കരാറുകാർക്ക് തുക നൽകിയതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് മേൽ പ്രവൃത്തികളുടെ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ രസീതി ലഭ്യമാക്കുകയുണ്ടായി. മേൽ തുക ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതും, ഓഡിറ്റ് വർഷത്തിൽ ഇത്തരത്തിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് പരിശോധിച്ച്, തുക ഈടാക്കി, ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-27 സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം അടവാക്കുന്നു

കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി 2022-23 സാമ്പത്തിക വർഷം 2,82,744 രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 39 പൊതുവെള്ള ടാപ്പുകളാണ് ഉള്ളത്. ടാപ്പൊന്നിന് വാർഷിക വെള്ളക്കരം 7,249.84/- രൂപ എന്ന നിരക്കിൽ 39 ടാപ്പുകൾക്കുള്ള വെള്ളക്കരമായി 04/2022 മുതൽ 01/2023 വരെ 18,811/- രൂപയും 02/2023, 03/2023 മാസങ്ങളിൽ 47,317 രൂപയുമാണ് പ്രതിമാസം അടവാക്കിയിട്ടുള്ളത്.

2020 ആഗസ്റ്റിലാണ് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന അവസാനമായി നടത്തിയത്. ഈ കാലയളവിനു ശേഷം ജലജീവൻ മിഷൻ പദ്ധതി പ്രകാരം ഗാർഹിക ആവശ്യങ്ങൾക്കായി കണക്ഷനുകൾ നിലവിൽ വന്നിട്ടുണ്ട്. പിന്നീട് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തുകയോ, പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണവും, അവ സ്ഥിതി ചെയ്യുന്ന സ്ഥലവും രേഖപ്പെടുത്തിയിട്ടുള്ള സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. അതുമൂലം ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള ടാപ്പുകൾ നിലവിൽ യഥാർത്ഥത്തിൽ ഉപയോഗത്തിൽ ഉള്ളവയാണോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം ഉറപ്പുവരുത്താതെ വെള്ളക്കരം അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2022-23, തീയതി - 26.07.2023) മറുപടി ലഭിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തീർച്ചപ്പെടുത്തി ആയതിനനുസൃതമായി മാത്രമാണ് വെള്ളക്കരം അടവാക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 19.07.2023, 20.07.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |
| | | |

### 4-2 സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 5,30,000 | ലൈഫ് ഭവന പദ്ധതി എസ്സ് സി | 5,30,000 | 0 |
| | 2022-23 | 1,20,000 | ലൈഫ് ഭവന പദ്ധതി പൊതുവിഭാഗം | 1,20,000 | 0 |
| | 2022-23 | 5,70,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 5,70,000 | 0 |
| | 2022-23 | 2,71,176 | അങ്കണവാടി അനുപൂരക പോഷകാഹാരം | 2,71,176 | 0 |
| | 2022-23 | 2,00,000 | ക്ഷീരകർഷകർക്ക് പാലിന് | 2,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 13,30,000 | ലൈഫ് ഭവന പദ്ധതി എസ്സ് സി | 13,30,000 | 0 |
| | 2022-23 | 4,40,000 | ലൈഫ് ഭവന പദ്ധതി പൊതുവിഭാഗം | 4,40,000 | 0 |
| | 2022-23 | 1,90,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,90,000 | 0 |
| | 2022-23 | 2,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | 0 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി-KURDFC ലോൺ | ജി. ഒ പ്രോജക്ട് | 75,79,495 | 22,99,349 | 52,80,146 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 7500 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 7500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയുടെ ഷെയർ നം.2987 | ലഭ്യമല്ല | ലഭ്യമല്ല | 2500 | മേൽ പ്രകാരമുള്ള നിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭിച്ചിട്ടില്ല . |
| 2. | കരിപ്പൂർ വിമാനത്താവളം പലിശ രഹിത നിക്ഷേപം | ലഭ്യമല്ല | ലഭ്യമല്ല | 5000 | |
| ആകെ | | | | 7500 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 480/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-19 | 480 | ശ്രീ. ഒ. വിജയൻ , സെക്രട്ടറി | 122010237, Dtd 26.08.2022 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശ ദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2003-04 | 11.14 | മണൽ ലേലം ക്രമക്കേട് | മണൽ ലേലം-കോടതി വിധി വരുന്ന മുറയ്ക്ക് നടപടി സ്വീകരിച്ച് റിപ്പോർട്ട ചെയ്യേണ്ടതാണ് (19-21 LFAC Report Para 53) |
| 2000-01 | | 2004-05 (പൊതു പരാമർശം) | 11.1.3.10 | നികുതി പിരിവിൽ അലംഭാവം | |
| 2001-02 | | 2004-05 | 11.1.3.50 | നികുതി പിരിവിൽ അലംഭാവം | |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |
| 2019-20 | 1-20 | 2020-21 | അനുബന്ധം-2 | MO ഹോമിയോ Payment | |
| 2019-20 | 1-22 | 2020-21 | അനുബന്ധം-2 | MO ആയുർവ്വേദം Payment | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,70,39,106 (രസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,17,46,740 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,13,582 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 4,99,269 | ശ്രീമതി.വത്സല, ICDS സൂപ്പർവൈസർ |
| 1-20 | 2,94,261 | ശ്രീമതി. റോസമ്മ ജേക്കബ്, സെക്രട്ടറി |
| 1-20 | 4,17,345 | ശ്രീ. ഫൈസൽ എം, സെക്രട്ടറി |
| 1-22 | 1,02,707/- | ശ്രീമതി.ഷീജ.സി, അസി.എഞ്ചിനീയർ |
| 1-25 | 7,00,000 | ഡോ. ജിബിൽ പി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 20,13,582 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ
എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. റോസമ്മ ജേക്കബ്, സെക്രട്ടറി | വിരമിച്ചു | കാവുംവാതുക്കൽ (വീട്), വേങ്ങേരി, കോഴിക്കോട്-673010 |
| ശ്രീമതി. വത്സല, ഐ.സി.ഡി,എസ് സൂപ്പർവൈസർ | ഐ.സി.ഡി,എസ് സൂപ്പർവൈസർ | പറക്കാക്കുന്നുമ്മൽ, കരുമല-പി.ഒ, ബാലുശ്ശേരി, കോഴിക്കോട് – 673612 |
| ശ്രീ. ഫൈസൽ എം, സെക്രട്ടറി | സെക്രട്ടറി, പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല | സഫ (വീട്), മരുതിക്കുന്ന് (പി. ഒ), നാവായിക്കുളം, തിരുവനന്തപുരം-695603 |
| ശ്രീമതി.ഷീജ.സി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കാക്കൂർ ഗ്രാമ പഞ്ചായത്ത് | നൂപുരം, അരിയാട്ട്, തലക്കുളത്തൂർ കോഴിക്കോട് |

| | | |
|---|---|---|
| ഡോ. ജിബിൽ പി, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് | പൂക്കോട്ടിൽ (വീട്), നല്ലളം (പി. ഒ), കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/P3/ 1735/2022(3) തീയതി. 19.12.2022 | 1 | 31 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി3/ 1533/09(12) തീ.07.06.2011 | 1 | 7 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/പി3/ 1735/2022(4) തീ-19.12.2022 | 2 | 3-2, 3-5 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി/പി3/ 1454/2022(1) തീ-22.12.2022 | 3 | 2-8(3), 3-8, 3-17 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി/പി3/ 1454/2022(3) തീയതി 22.12.2022 | 1 | 3-8 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1458/15/9.10.15 | 15 | 1-1, 1-2, 1-3, 1-6, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 4-1 |

| | | | |
|---|---|---|---|
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി./പി3 /1454/2022(4) തീ.22.12.2022 | 3 | 2-1, 2-2, 2-5 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി3 /1454/2022(5) തീ.22.12.2022 | 12 | 2-5, 3-3, 3-8, 3-9, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-4(1), 3-4(2) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി3 /1454/2022(6) തീ.22.12.2022 | 8 | 2-1-2, 2-2, 3-2, 3-4, 3-6, 3-7, 3-8, 3-10, |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി3 /1454/2022(7) തീ.22.12.2022 | 21 | 1-12, 2-3, 2-4, 3-1, 3-4, 3-5, 3-6, 3-8, 3-10, 3-11, 3-13, 3-14, 3-15, 3-16, 3-18, 3-23, 3-25, 3-16,3-18,3-19, 3-23,3-25 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി3 /1454/2022(8) തീ.22.12.2022 | 16 | 1-7, 1-10, 1-11, 1-12, 1-13, 1-14, 1-16, 1-19, 1-22, 1-24, 1-25, 1-27, 1-28, 3-1, 3-2, 3-3 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./പി3/ 175/2023 തീ-01.03.2023 | 21 | 1-2, 1-10, 1-11, 1-13, 1-14, 1-16, 1-17, 1-18, 1-19, 1-20, 1-22, 1-23, 1-25, 1-26, 1-28, 1-29, 1-33, 1-34, 2-2, 3-1, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1773/2022 തീയതി 25.05.2022 | 19 | 1-1(എ), 1-2-2, 1-2-3, 1-24, 1-5, 1-4-1, 1-7, |

| | | | |
|---|---|---|---|
| | | | 1-9, 1-10, 1-11, 1-12(1, 2, 3), 1-13, 1-14, 1-16, 1-17, 1-20, 1-22, 1-23, 3-1, 4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി./പി3/ 691/23 തീയതി 11.05.2023 | 21 | 1-1, 1-2-1, 1-4, 1-9 മുതൽ 1-24 വരെ, 4-8, 4-11 |

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 179/23 dated 04-07-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kuruvattur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kuruvattur Grama Panchayat for the year 2022-2023

Date: 20/09/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Kuruvattur Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

a) Basic ratios to accounts are not included in the Annual Finance Statement.

b) Cash flow statement -Â Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

c) Lapses in making timely and accurate demand entries in Property Tax.

d) Further action not taken in Directly debited by bank amount entry in the reconciliation statement.

e) Registers maintained in the institution without abstracts are not reliable for audit.

f) Property tax collection ( Residential & Non-residential) does not match with collection amount in DCB statements.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്